# PROCEEDINGS

## of the

# ELEVENTH KERALA LEGISLATIVE ASSEMBLY

## Second Session

**Friday, the 12th October 2001**

# OFFICIAL REPORT

Vol. CXV—No. 1

**Price : 50 P.**

LIBRARY ARCHIVES Kerala Legislative Assembly

©

Secretariat of the Kerala Legislature
2001

PRINTED BY THE SUPERINTENDENT OF GOVT. PRESSES AT THE
STAMP MANUFACTORY, THIRUVANANTHAPURAM, 2003.

കേരള നിയമസഭാ നടപടികൾ

# പതിനൊന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

സ്പീക്കർ

ശ്രീ. വക്കം പുരുഷോത്തമൻ

ഡെപ്യൂട്ടി സ്പീക്കർ

ശ്രീ. എൻ. സുന്ദരൻ നാടാർ

സെക്രട്ടറി

ശ്രീ. കെ. ആർ. ഉദയഭാനു

ചീഫ് എഡിററർ

ശ്രീമതി എസ്. വിജയമ്മാൾ

എഡിററിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയററ്

തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

SMT/2/61/2003—1

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. എ.കെ. ആൻറണി |
| തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി | : | ,, ചെർക്കളം അബ്ദുള്ള |
| തൊഴിൽ വകുപ്പുമന്ത്രി | : | ,, ബാബു ദിവാകരൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ,, കെ.ബി. ഗണേഷ് കുമാർ |
| കൃഷിയും കയറും വകുപ്പുമന്ത്രി | : | ശ്രീമതി കെ. ആർ. ഗൗരിയമ്മ |
| ഇൻഫർമേഷനും പാർലമെൻററി കാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എം.എം. ഹസ്സൻ |
| ജലസേചനവും ജലവിതരണവും വകുപ്പുമന്ത്രി | : | ,, ടി.എം. ജേക്കബ് |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ,, ജി. കാർത്തികേയൻ |
| വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | : | ,, പി.കെ. കുഞ്ഞാലിക്കുട്ടി |
| പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി | : | ഡോ. എം.എ. കുട്ടപ്പൻ |
| റവന്യൂവും നിയമവും വകുപ്പുമന്ത്രി | : | ശ്രീ. കെ.എം. മാണി |
| മരാമത്ത് വകുപ്പുമന്ത്രി | : | ,, എം. കെ. മുനീർ |
| സഹകരണ വകുപ്പുമന്ത്രി | : | ,, എം.വി. രാഘവൻ |
| ആരോഗ്യ വകുപ്പുമന്ത്രി | : | ,, പി. ശങ്കരൻ |
| ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി | : | ,, കെ. ശങ്കരനാരായണൻ |
| വിദ്യുച്ഛക്തി വകുപ്പുമന്ത്രി | : | ,, കടവൂർ ശിവദാസൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ,, നാലകത്ത് സൂപ്പി |
| വനവും സ്പോർട്ട്സും വകുപ്പുമന്ത്രി | : | ,, കെ. സുധാകരൻ |
| ഗ്രാമവികസന വകുപ്പുമന്ത്രി | : | ,, സി.എഫ്. തോമസ് |
| ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | പ്രൊഫ: കെ.വി. തോമസ് |

LIBRARY ARCHIVES Kerala Legislative Assembly

# പതിനൊന്നാം കേരള നിയമസഭ

## അംഗങ്ങൾ

1 ശ്രീ. ചെർക്കളം അബ്ദുള്ള (മഞ്ചേശ്വരം)
2 ,, കളത്തിൽ അബ്ദുള്ള (മണ്ണാർക്കാട്)
3 ,, പി.കെ. അബ്ദുറബ്ബ് (താനൂർ)
4 ,, കെ. അച്ചുതൻ (ചിററൂർ)
5 ,, വി.എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
6 ,, സി.ടി. അഹമ്മദ് അലി (കാസർകോട്)
7 ,, മഞ്ഞളാംകുഴി അലി (മങ്കട)
8 ,, എ.പി. അനിൽ കുമാർ (വണ്ടൂർ—എസ്.സി.
9 ,, എ.കെ. ആന്റണി (ചേർത്തല)
10 ,, എൻ.ഡി. അപ്പച്ചൻ (സുൽത്താൻ ബത്തേരി)
11 ,, ഇ.എം. അഗസ്തി (പീരുമേട്)
12 ,, എ.എ. അസീസ് (ഇരവിപുരം)
13 ,, കെ. ബാബു (തൃപ്പൂണിത്തുറ)
14 ,, ബാബു ദിവാകരൻ (കൊല്ലം)
15 ,, കോടിയേരി ബാലകൃഷ്ണൻ (തലശ്ശേരി)
16 ,, ആർ. ബാലകൃഷ്ണപിള്ള (കൊട്ടാരക്കര)
17 ,, എ.കെ. ബാലൻ (കുഴൽമന്ദം—എസ്.സി.)
18 ,, ടി.കെ. ബാലൻ (അഴീക്കോട്)
19 ,, വി. ബലറാം (വടക്കാഞ്ചേരി)
20 ,, പി.കെ.കെ. ബാവ (ഗുരുവായൂർ)
21 ,, ബിനോയ് വിശ്വം (നാദാപുരം)
22 ,, ടി.വി. ചന്ദ്രമോഹൻ (കുന്നംകുളം)
23 ,, കെ.എ. ചന്ദ്രൻ (കൊല്ലങ്കോട്)
24 ,, വി.കെ. ചന്ദ്രൻ (തൃത്താല—എസ്.സി.)
25 ,, എം.എ. ചന്ദ്രശേഖരൻ (വടക്കേക്കര)
26 ,, വി. ചെന്താമരാക്ഷൻ (ആലത്തൂർ)
27 ,, ടി.കെ. ദേവകുമാർ (ഹരിപ്പാട്)
28 ,, ഡൊമിനിക് പ്രസന്റേഷൻ (പള്ളുരുത്തി)
29 ,, വി.കെ. ഇബ്രാഹിം കുഞ്ഞ് (മട്ടാഞ്ചേരി)
30 ,, കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
31 ,, എം.പി. ഗംഗാധരൻ (പൊന്നാനി)
32 ,, പി.സി. ജോർജ് (പൂഞ്ഞാർ)
33 ,, പി.പി. ജോർജ് (ഒല്ലൂർ)
34 ,, ജോർജ് ജെ. മാത്യു (കാഞ്ഞിരപ്പള്ളി)
35 ശ്രീമതി ഗിരിജാ സുരേന്ദ്രൻ (ശ്രീകൃഷ്ണപുരം)
36 ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ (ചടയമംഗലം)
37 ശ്രീമതി കെ.ആർ. ഗൗരിയമ്മ (അരൂർ)
38 ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ (തളിപ്പറമ്പ്)
39 ,, എം.എം. ഹസ്സൻ (കായംകുളം)
40 ,, ഇസ്ഹാക് കുരിക്കൾ (മഞ്ചേരി)
41 ,, ടി.എം. ജേക്കബ് (പിറവം)

LIBRARY ARCHIVES Kerala Legislative Assembly

42 ശ്രീ. കെ.കെ. ജയചന്ദ്രൻ (ഉടുമ്പൻചോല)
43 ,, എം.വി. ജയരാജൻ (എടക്കാട്)
44 ,, പി. ജയരാജൻ (കൂത്തുപറമ്പ്)
45 ,, ജോണി നെല്ലൂർ (മൂവാററുപുഴ)
46 ,, കെ.സി. ജോസഫ് (ഇരിക്കൂർ)
47 ഡോ. കെ.സി. ജോസഫ് (കുട്ടനാട്)
48 ശ്രീ. ജോസഫ് എം. പുതുശ്ശേരി (കല്ലൂപ്പാറ)
49 ,, പി.ജെ. ജോയി (അങ്കമാലി)
50 ,, വി.സി. കബീർ (ഒററപ്പാലം)
51 ,, വർക്കല കഹാർ (വർക്കല)
52 ,, ജി. കാർത്തികേയൻ (ആര്യനാട്)
53 ,, കെ.എൻ.എ. ഖാദർ (കൊണ്ടോട്ടി)
54 ,, കെ.കെ. നായർ (പത്തനംതിട്ട)
55 ,, എം. കുമാരൻ (ഹോസ്ദുർഗ്ഗ്—എസ്.സി.)
56 ,, പി.കെ. കുഞ്ഞാലിക്കുട്ടി (കുററിപ്പുറം)
57 ,, കെ.വി. കുഞ്ഞിരാമൻ (ഉദുമ)
58 ,, കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ—എസ്.സി.)
59 ഡോ. എം.എ. കുട്ടപ്പൻ (ഞാറയ്ക്കൽ—എസ്.സി.)
60 ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി (തിരൂരങ്ങാടി)
61 ,, വി.കെ.സി. മമ്മത്കോയ (ബേപ്പൂർ)
62 ,, മാമ്മൻ മത്തായി (തിരുവല്ല)
63 ,, സി. മമ്മൂട്ടി (കൊടുവള്ളി)
64 ,, കെ.എം. മാണി (പാലാ)
65 ,, മത്തായി ചാക്കോ (മേപ്പയൂർ)
66 ശ്രീമതി മേഴ്സി രവി (കോട്ടയം)
67 ശ്രീ. കെ. മുഹമ്മദാലി (ആലുവ)
68 ,, ഇ.ടി. മുഹമ്മദ് ബഷീർ (തിരൂർ)
69 ,, കെ.പി. മോഹനൻ (പെരിങ്ങളം)
70 ,, കെ. മോഹൻ കുമാർ (തിരുവനന്തപുരം-നോർത്ത്)
71 ,, എ.കെ. മണി (ദേവികുളം—എസ്.സി.)
72 ,, സി. മൊയിൻ കുട്ടി (തിരുവമ്പാടി)
73 ,, ആര്യാടൻ മുഹമ്മദ് (നിലമ്പൂർ)
74 ,, സി.പി. മുഹമ്മദ് (പട്ടാമ്പി)
75 ,, എം.കെ. മുനീർ (മലപ്പുറം)
76 ,, എം. മുരളി (മാവേലിക്കര)
77 ,, പിരപ്പൻകോട് മുരളി (വാമനപുരം)
78 പ്രൊഫ. എ.ഡി. മുസ്തഫ (പേരാവൂർ)
79 ശ്രീ. ടി.എച്ച്. മുസ്തഫ (കുന്നത്തുനാട്)
80 ,, സി.കെ. നാണു (വടകര)
81 ,, കെ. നാരായണക്കുറുപ്പ് (വാഴൂർ)
82 ,, എഴുകോൺ നാരായണൻ (നെടുവത്തൂർ—എസ്.സി.)
83 ,, പി. നാരായണൻ (വൈക്കം—എസ്.സി.)
84 ഡോ. എ. നീലലോഹിതദാസൻ നാടാർ (കോവളം)
85 ശ്രീ. ഉമ്മൻചാണ്ടി (പുതുപ്പള്ളി)
86 ,, എം.കെ. പോൾസൺ മാസ്ററർ (മണലൂർ)
87 ,, വി.ജെ. പൗലോസ് (കോതമംഗലം)
88 ,, അടൂർ പ്രകാശ് (കോന്നി)

LIBRARY ARCHIVES Kerala Legislative Assembly

89 ശ്രീ. ടി.എൻ. പ്രതാപൻ (നാട്ടിക)
90 ,, ജി. പ്രതാപവർമ്മ തമ്പാൻ (ചാത്തന്നൂർ)
91 ,, വക്കം പുരുഷോത്തമൻ (ആററിങ്ങൽ)
92 ,, കെ. രാധാകൃഷ്ണൻ (ചേലക്കര—എസ്. സി.)
93 ,, മാങ്കോട് രാധാകൃഷ്ണൻ (നെടുമങ്ങാട്)
94 ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ (അടൂർ)
95 ,, ടി.യു. രാധാകൃഷ്ണൻ (മാള)
96 ശ്രീമതി രാധാരാഘവൻ (നോർത്ത് വയനാട്—എസ്. ടി.)
97 ശ്രീ. എം.വി. രാഘവൻ (തിരുവനന്തപുരം-വെസ്ററ്)
98 ,, എൻ. രാജൻ (കിളിമാനൂർ—എസ്. സി.)
99 ,, എ.എൻ. രാജൻ ബാബു (കരുനാഗപ്പള്ളി)
100 ,, കെ.പി. രാജേന്ദ്രൻ (ചേർപ്പ്)
101 ,, രാജു എബ്രഹാം (റാന്നി)
102 ,, കെ.കെ. രാമചന്ദ്രൻ മാസ്ററർ (കൽപ്പററ)
103 ,, തേറമ്പിൽ രാമകൃഷ്ണൻ (തൃശ്ശൂർ)
104 ,, ടി.പി. രാമകൃഷ്ണൻ (പേരാമ്പ്ര)
105 ,, യു.സി. രാമൻ (കുന്നമംഗലം—എസ്. സി.)
106 ,, തമ്പാനൂർ രവി (നെയ്യാററിൻകര)
107 ,, റോഷി അഗസ്ററിൻ (ഇടുക്കി)
108 ,, ടി.പി.എം. സാഹിർ (കോഴിക്കോട്-II)
109 ,, സാജുപോൾ (പെരുമ്പാവൂർ)
110 ,, എൻ. ശക്തൻ (നേമം)
111 ,, പി. ശങ്കരൻ (കൊയിലാണ്ടി)
112 ,, കെ. ശങ്കരനാരായണൻ (പാലക്കാട്)
113 ശ്രീമതി മാലേത്ത് സരളാദേവി (ആറൻമുള)
114 ശ്രീ. വി. ഡി. സതീശൻ (പറവൂർ)
115 ,, കെ. പി. സതീശ്ചന്ദ്രൻ (തൃക്കരിപ്പൂർ)
116 പ്രൊഫ. സാവിത്രി ലക്ഷ്മണൻ (ചാലക്കുടി)
117 ശ്രീ. കെ.കെ. ഷാജു (പന്തളം—എസ്. സി.)
118 ,, എ. സി. ഷൺമുഖദാസ് (ബാലുശ്ശേരി)
119 ,, ഷിബു ബേബിജോൺ (ചവറ)
120 ,, കടവൂർ ശിവദാസൻ (കുണ്ടറ)
121 ശ്രീമതി ശോഭനാ ജോർജ് (ചെങ്ങന്നൂർ)
122 ശ്രീ. നാലകത്ത് സൂപ്പി (പെരിന്തൽമണ്ണ)
123 ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ (പയ്യന്നൂർ)
124 ശ്രീ. സ്ററീഫൻ ജോർജ് (കടുത്തുരുത്തി)
125 ,, കെ. സുധാകരൻ (കണ്ണൂർ)
126 ,, ഡി. സുഗതൻ (അമ്പലപ്പുഴ)
127 ,, എ. സുജനപാൽ (കോഴിക്കോട്-I)
128 ,, എൻ. സുന്ദരൻ നാടാർ (പാറശ്ശാല)
129 ,, പി എസ്. സുപാൽ (പുനലൂർ)
130 ,, സി.എഫ്. തോമസ് (ചങ്ങനാശ്ശേരി)
131 പ്രൊഫ. കെ.വി. തോമസ് (എറണാകുളം)
132 ശ്രീ. പി.ടി. തോമസ് (തൊടുപുഴ)
133 ,, തോമസ് ചാഴികാടൻ (ഏററുമാനൂർ)
134 ഡോ. തോമസ് ഐസക്ക് (മാരാരിക്കുളം)

LIBRARY ARCHIVES Kerala Legislative Assembly

135 ശ്രീ. തോമസ് ഉണ്ണിയാടൻ (ഇരിങ്ങാലക്കുട)
136 ,, ഉമേഷ് ചള്ളിയിൽ (കൊടുങ്ങല്ലൂർ)
137 ,, എം. എ. വാഹിദ് (കഴക്കൂട്ടം)
138 ,, കെ. സി. വേണുഗോപാൽ (ആലപ്പുഴ)
139 ,, ബി. വിജയകുമാർ (തിരുവനന്തപുരം ഈസ്റ്റ്)
140 ,, കെ. പി. വിശ്വനാഥൻ (കൊടകര)

LIBRARY ARCHIVES Kerala Legislative Assembly

## ഉള്ളടക്കം

ചരമോപചാരം

മുൻ സ്പീക്കർ എ. പി. കുര്യന്റെ നിര്യാണം സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2001 ഒക്ടോബർ 12, വെള്ളി

വാല്യം CXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ ഒക്ടോബർ മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### ചരമോപചാരം

#### മുൻ നിയമസഭാ സ്പീക്കർ എ. പി. കുര്യന്റെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ, ഓർഡർ.

മുൻ നിയമസഭാ സ്പീക്കറും സി. പി. ഐ. (എം) നേതാവുമായ എ. പി. കുര്യന്റെ നിര്യാണ വാർത്ത അത്യന്തം ദുഃഖത്തോടെയാണ് നാം ശ്രവിച്ചത്. ഇക്കഴിഞ്ഞ അഞ്ചു പതിററാണ്ടുകാലം വിശ്രമരഹിതവും ആത്മാർത്ഥവുമായ പ്രവർത്തനം കാഴ്ചവച്ചുകൊണ്ട് നമ്മുടെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്ന ഒരു അപൂർവ്വ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസജീവിത കാലത്ത് സ്ററുഡൻസ് ഫെഡറേഷന്റെ പ്രവർത്തകനെന്നനിലയിലാണദ്ദേഹം ആദ്യമായി രാഷ്ട്രീയ രംഗത്തേക്ക് കടന്നു വന്നത്. സംഘടനാ കാര്യങ്ങളിൽ കൂടുതൽ സമയം വ്യാപൃതനാകേണ്ടിവന്നതിനാൽ അദ്ദേഹത്തിന് കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 1951-ൽ അവിഭക്ത കമ്മ്യൂണിസ്ററ് പാർട്ടിയിൽ കുര്യൻ അംഗത്വം സ്വീകരിച്ചു. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ പടിപടിയായി ഉയർന്ന് പാർട്ടിയുടെ ഉന്നത നേതാക്കളിൽ ഒരാളായിത്തീരുകയും ചെയ്തു. പാർട്ടിയിലുണ്ടായ പിളർപ്പിനെത്തുടർന്ന് സി. പി. ഐ. (എം) പക്ഷത്താണ് അദ്ദേഹം നിലയുറപ്പിച്ചത്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അദ്ദേഹം അക്ഷീണം പ്രവർത്തിക്കുകയും കർഷകത്തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ഒട്ടേറെ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

1967-ൽ അങ്കമാലി നിയോജകമണ്ഡലത്തിൽ നിന്നാണ് എ. പി. കുര്യൻ ആദ്യമായി കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. തുടർന്നദ്ദേഹം



LIBRARY ARCHIVES Kerala Legislative Assembly

1970, 1977, 1980 എന്നീ വർഷങ്ങളിലും അങ്കമാലി മണ്ഡലത്തിന്റെ പ്രതിനിധിയായി ഈ സഭയിലെത്തുകയുണ്ടായി. നിയമസഭാ പ്രവർത്തനങ്ങളെ ഗൗരവപൂർവ്വം സമീപിക്കാൻ ശ്രമിച്ച കുര്യൻ 1980-1982 കാലയളവിൽ ഈ സഭയുടെ സ്പീക്കർ എന്ന നിലയിലും സ്തുത്യർഹമായ പ്രവർത്തനം കാഴ്ച വച്ചു. സാമാജികരെ സമർത്ഥമായി നിയന്ത്രിച്ച സഭാനാഥനെന്ന പ്രശംസ നേടാനദ്ദേഹത്തിന് കഴിഞ്ഞു. ഇന്ന് ഇതര നിയമസഭകൾക്ക് മാതൃകയായ സബ്ജക്ട് കമ്മിററി സംവിധാനം നിലവിൽ വന്നത് കുര്യൻ നിയമസഭാ സ്പീക്കറായിരുന്ന കാലത്താണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. നാലാം കേരള നിയമസഭയുടെ കാലത്ത് പബ്ലിക് അക്കൗണ്ട്സ് കമ്മിററി ചെയർമാനെന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ഒരു മികച്ച സംഘാടകനായിരുന്ന കുര്യൻ ട്രെയിഡ് യൂണിയൻ രംഗത്താണ് ഏറെ ശോഭിച്ചിരുന്നതെന്ന് പറയാം. മദ്ധ്യ കേരളത്തിലെ പ്രമുഖ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിരവധി തൊഴിലാളി സംഘടനകളുടെ അമരക്കാരനായിരുന്നു അദ്ദേഹം. ഈററ പനമ്പ് മേഖലയിൽ പണിയെടുത്തിരുന്ന അസംഘടിതരും അർദ്ധ പട്ടിണിക്കാരുമായ അനേകം തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവും മററാനുകൂല്യങ്ങളും നേടിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. സാംസ്കാരിക, കായിക രംഗങ്ങളിലും അദ്ദേഹം മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്. സമർത്ഥനായ പാർലമെൻററിയൻ, നിശ്ചയദാർഢ്യമുള്ള സമരനായകൻ എന്നീ നിലകളിൽ പ്രശസ്തനായ എ. പി. കുര്യന്റെ വേർപാട് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് അനല്പമായ നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്. അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ വരും തലമുറയ്ക്ക് പ്രചോദനം നൽകിക്കൊണ്ട് ഏറെക്കാലം നിലനിൽക്കുമെന്ന് നിസ്സംശയം പറയാം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സ്പീക്കർ സർ, അന്തരിച്ച മുൻ നിയമസഭാ സ്പീക്കറും അരനൂററാണ്ടു കാലത്തോളം കേരളത്തിലെ പൊതുജീവിതത്തിൽ സജീവമായി പ്രവർത്തിച്ചിരുന്ന മാന്യദേഹവുമായിരുന്ന എ. പി. കുര്യനെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും പൂർണ്ണമായും യോജിക്കുകയാണ്. സാധാരണ ഗതിയിൽ പൊതുരംഗത്തേക്ക് കടന്നുവരാൻ സാദ്ധ്യതയില്ലായിരുന്ന ഒരു കുടുംബത്തിലാണ് എ. പി. കുര്യൻ ജനിച്ചത്. ആ കുടുംബത്തിന്റെ പാരമ്പര്യം എടുത്തുനോക്കുകയാണെങ്കിൽ പൊതുപ്രവർത്തന രംഗത്തുവന്നാലും ഇടതുപക്ഷ പ്രസ്ഥാനത്തിലേക്ക് കുര്യൻ ആകർഷിക്കപ്പെടാനുള്ള സാദ്ധ്യത കുറവാണ്. പക്ഷെ കുര്യൻ ആദ്യകാലം മുതൽ വിപ്ലവ ആശയങ്ങളോട് താല്പര്യം കാണിക്കുകയും ബാല്യകാലം മുതൽ കമ്മ്യൂണിസ്ററ് പാർട്ടിയുടെ പ്രവർത്തനങ്ങളിൽ താല്പര്യം കാണിക്കുകയും ചെയ്ത ഒരു വ്യക്തിയാണ്. ആ കാലഘട്ടത്തിൽ അങ്കമാലി പ്രദേശത്ത് കമ്മ്യൂണിസ്ററ് അനുഭാവിയാവുക എന്നുപറഞ്ഞാൽ ശക്തമായ എതിർപ്പ് നാട്ടിൽനിന്നും സമൂഹത്തിൽനിന്നും സ്വന്തം കുടുംബത്തിൽനിന്നുപോലും ക്ഷണിച്ചു വരുത്തുന്ന കാലമായിരുന്നു. അങ്ങനെയുള്ള പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് എ. പി. കുര്യൻ കമ്മ്യൂണിസ്ററ് പാർട്ടിയിലൂടെ തൊഴിലാളി രംഗത്തിലൂടെ കേരളത്തിലെ പൊതുരംഗത്ത് കടന്നുവന്നു. അങ്കമാലി പെരുമ്പാവൂർ മേഖലകളിലെ ഈററ വെട്ടു തൊഴിലാളികളെയും അതുപോലെ മററു വിഭാഗം തൊഴിലാളികളേയും സംഘടിപ്പിച്ചുകൊണ്ട് അവരുടെ ജീവിത ദുരിതങ്ങൾക്ക് പരിഹാരം ഉണ്ടാക്കാനുള്ള അനവധി

LIBRARY ARCHIVES Kerala Legislative Assembly

അനവധി അവകാശ സമരങ്ങൾക്ക് കുര്യൻ നേതൃത്വം നൽകിയിട്ടുണ്ട്, പടിപടിയായി അദ്ദേഹം പൊതുരംഗത്തേക്ക് ഉയർന്നു. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ തലയെടുപ്പുള്ള നേതാവായി മാറി, കേരള നിയമസഭാ സ്പീക്കർ സ്ഥാനത്തേക്ക് വന്നു. കേരള നിയമസഭ കണ്ട പ്രഗൽഭരായ സ്പീക്കർമാരിൽ ഒരാളാണ് എ. പി. കുര്യൻ. അദ്ദേഹത്തിന്റെ കാലത്ത് നിയമസഭ പ്രവർത്തനങ്ങളിൽ നൂതനമായ പല നടപടിക്രമങ്ങളും ആരംഭിച്ചു. ഇതെല്ലാം അദ്ദേഹത്തിന്റെ പൊതുപ്രവർത്തനത്തിന്റെ ഭാഗമാണ്. വ്യക്തി ജീവിതത്തിലും തന്നോട് അടുക്കുന്ന എല്ലാവരോടും ഹൃദ്യമായി പെരുമാറാനും അവരെ കൂടുതൽ കൂടുതൽ തന്നിലേക്ക് അടുപ്പിക്കാനുള്ള ഒരു വശീകരണ ശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. സമീപനത്തിൽ ഒരു പ്രത്യേകമായ കുര്യൻ ശൈലി തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പെരുമാററം വളരെ ഹൃദ്യമായിരുന്നു. അദ്ദേഹവുമായി ഒരുമിച്ച് പ്രവർത്തിക്കുമ്പോഴും സഞ്ചരിക്കുമ്പോഴും ആണ് കുര്യന്റെ സ്വഭാവത്തിലെ പല പ്രത്യേകതകളും മനസ്സിലാക്കാൻ സാധിക്കുന്നത്. 1975 കാലഘട്ടത്തിൽ ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ശ്രീ. കെ. എം. മാണിയും ഞാനുമെല്ലാം എ. പി. കുര്യൻ ചെയർമാനായിരുന്ന പബ്ലിക് അക്കൗണ്ട്സ് കമ്മിററി മെമ്പർമാരായിരുന്നു. കമ്മിററി മെമ്പർമാർ എന്ന നിലയിൽ ഞങ്ങൾ നടത്തിയ ഒരു അഖിലേന്ത്യാ പര്യടനത്തിനിടയിലാണ് എ. പി. കുര്യന്റെ സ്വഭാവ നൈർമ്മല്യങ്ങൾ കൂടുതൽ അടുത്തറിയാൻ അവസരമുണ്ടായത്. സഞ്ചാരവേളയിൽ ഓരോ സ്ഥലങ്ങളിലും എത്തുമ്പോൾ കൂടെയുള്ള സഹപ്രവർത്തകരുടെ, എം. എൽ. എ. മാരുടെ കാര്യം മാത്രമല്ല, നിയമസഭാ സെക്രട്ടേറിയററിലെ ഉദ്യോഗസ്ഥൻമാരുടെയും താമസ സൗകര്യം അവരുടെ ഭക്ഷണം അവരുടെ യാത്ര, ഇത്തരം കാര്യങ്ങളിൽ വളരെ ശ്രദ്ധാലുവായി അദ്ദേഹം പ്രവർത്തിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എനിക്ക് അദ്ദേഹത്തോട് ഏററവും ബഹുമാനം തോന്നിയ ഒരവസരം അഖിലേന്ത്യ ടൂറിന്റെ ഭാഗമായി ഡാർജിലിംഗിൽ എത്തിയപ്പോഴാണ്. അവിടെ കൊടും തണുപ്പാണ്. ദേഹം മുഴുവൻ മരവിക്കുന്ന തണുപ്പായിരുന്നു. ഡാർജിലിംഗിൽ ഒരു റൂമിൽ മാത്രമേ ചൂടുവെള്ളമുണ്ടായിരുന്നുള്ളൂ. അദ്ദേഹം ഓരോ എം. എൽ. എ. മാരുടേയും മുറിയിൽ വന്ന് നിങ്ങൾക്ക് ചൂടു വെള്ളം കിട്ടിയോ എന്ന് അന്വേഷിക്കാൻ തയ്യാറായി. തന്റെ സഹപ്രവർത്തകരുടെ ക്ഷേമാന്വേഷണ കാര്യത്തിൽ അദ്ദേഹം കാണിച്ച വ്യക്തിപരമായ താല്പര്യം ഇന്നും എന്റെ ഹൃദയത്തിൽ മായാതെ ഞാൻ കാത്തുസൂക്ഷിക്കുകയാണ്. അങ്ങനെ പൊതുപ്രവർത്തന രംഗത്ത് വളരെ അർപ്പണ ബോധത്തോടുകൂടി പ്രവർത്തിച്ച ഒരു നേതാവ് വ്യക്തി ജീവിതത്തിൽ താനുമായി ബന്ധപ്പെട്ട എല്ലാ സ്നേഹിതൻമാർക്കും സഹ പ്രവർത്തകർക്കും അനുയായികൾക്കും ഏററവും പ്രിയപ്പെട്ട സുഹൃത്തായിരുന്നു. ആ എ. പി. കുര്യന്റെ നിര്യാണത്തിൽ ഞാനും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്ക് നമ്മുടെ അനുശോചനം അല്പമെങ്കിലും ആശ്വാസം പകരട്ടെയെന്ന് ആശിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ബഹുമാനപ്പെട്ട സ്പീക്കർ, മരന്തരിച്ച സഖാവ് എ. പി. കുര്യനെപ്പററി അങ്ങും സഭാ നേതാവും പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും വികാരങ്ങളോടും ഞാൻ പങ്കുചേരുകയാണ്. ഭേദപ്പെട്ട ഒരു കുടുംബത്തിൽ ജനിച്ച് വിദ്യാർത്ഥിയായിരിക്കുന്ന സന്ദർഭത്തിൽ ദേശീയ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യ പ്രക്ഷോഭത്തോടൊത്ത്,

സ്വാതന്ത്ര്യാനന്തരം അധികാരത്തിൽ വന്ന ഗവൺമെന്റിനോട് ചേർന്ന് വിദ്യാർത്ഥികളുടെ പ്രസ്ഥാനങ്ങൾ എല്ലാ സ്കൂളുകളിലും കോളേജുകളിലും പ്രവർത്തിക്കുമ്പോൾ ആ പ്രസ്ഥാനങ്ങളുടെ പ്രതിലോമപരമായ സമീപനങ്ങൾ മനസ്സിലാക്കിയിട്ടും അതിൽ തിരുത്തൽ ശക്തിയായി പ്രവർത്തിക്കുകയും വിദ്യാർത്ഥികളുടെ ഇടതുപക്ഷ സ്വഭാവത്തോടുകൂടിയ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുകയാണ് അദ്ദേഹം ചെയ്തത്. അദ്ദേഹത്തിന്റെ പ്രവർത്തനം ആണ്ടിറങ്ങിയ പ്രവർത്തനമായതുകൊണ്ട് അത് പിന്നീട് രാഷ്ട്രീയ പ്രസ്ഥാനത്തിലേയ്ക്ക് ആകർഷിക്കപ്പെടുകയും പാവപ്പെട്ട തൊഴിലാളികളേയും കൃഷിക്കാരേയും കർഷകത്തൊഴിലാളികളേയും വ്യാവസായികത്തൊഴിലാളികളേയുമെല്ലാം സംഘടിപ്പിക്കാനുള്ള രംഗത്തേക്ക് അദ്ദേഹം മുന്നോട്ടു പോകുകയാണ് ചെയ്തത്. അതുവഴി അദ്ദേഹത്തിന്റെ വളർച്ചയുടെ പടവുകൾ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ലോക്കൽ കമ്മിറ്റി മെമ്പർ, സെക്രട്ടറി, ജില്ലാ കമ്മിറ്റി മെമ്പർ, സെക്രട്ടറി, സംസ്ഥാന കമ്മിറ്റി മെമ്പർ എന്നീ നിലകളിലും ബഹുജന പ്രസ്ഥാനത്തിൽ പ്രാദേശിക കർഷക സംഘത്തിന്റെയും പിന്നീട് ജില്ലാ കർഷക സംഘത്തിന്റേയും അതിനുശേഷം സംസ്ഥാന കർഷക സംഘത്തിന്റേയും ജനറൽ സെക്രട്ടറിയായി ഉയരുകയും സജീവമായി കാർഷിക മേഖലയിലെ പ്രവർത്തനങ്ങളിൽ അദ്ദേഹം ജാഗരൂകനാവുകയുമാണ് ചെയ്തത്. അങ്കമാലിയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം തുടർച്ചയായി നാലു പ്രാവശ്യം ഈ സഭയിൽ അംഗമാകാൻ അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. അദ്ദേഹം പാർലമെന്ററി രംഗത്ത് ജനങ്ങളുടേയും ജനാധിപത്യ പ്രശ്നങ്ങളുടേയും കാര്യത്തിൽ പാർലമെന്ററി മേഖലകളെ ഉപയോഗിച്ചതുപോലെ തന്നെ സമാന്തരമായി ബഹുജന രംഗത്ത് തന്റെ പ്രവർത്തനങ്ങളും തുല്യമായ അളവിൽ തന്നെ സജീവമായ നിലയിൽ കൊണ്ടുപോകാൻ അദ്ദേഹം വളരെയേറെ ശ്രദ്ധിച്ചിട്ടുണ്ട്. അങ്ങനെ പൊതുജനരംഗത്തും വർഗ്ഗ ബഹുജന സംഘടനാ രംഗങ്ങളിലും ശോഭിച്ചതുപോലെ തന്നെ അദ്ദേഹം അസംബ്ലിയിലും ശോഭിച്ചുവെന്നുള്ളത് നമുക്കെല്ലാം സന്തോഷത്തോടുകൂടി അനുസ്മരിപ്പിക്കാൻ കഴിയുന്ന കാര്യമാണ്. അദ്ദേഹം അസംബ്ലി മെമ്പർ ആയിരുന്നപ്പോൾ, അതിനുശേഷം സ്പീക്കർ ആയിരുന്നപ്പോഴെല്ലാം ഉള്ള സേവന തൽപ്പരതയും മാതൃകയുമെല്ലാം ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും ഇവിടെ ആവർത്തിച്ചു പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിന് പെട്ടെന്ന് ഒരു രോഗം പിടിപെടുകയും ഡോക്ടർമാരുടെ നിരന്തരവും നിദാന്തവുമായ പരിശ്രമങ്ങളിൽ അദ്ദേഹത്തെ രക്ഷപ്പെടുത്താൻ കഴിയാതെ അദ്ദേഹം നമ്മെ വിട്ടുപിരിയുകയുമാണ് ചെയ്തത്. അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാടിലുള്ള ദുഃഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തോടുള്ള അനുശോചനം അറിയിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടിലുള്ള ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>) : ഈ സഭയിൽ അദ്ധ്യക്ഷനും ദീർഘകാലം പൊതുജീവിതത്തിൽ നിറഞ്ഞുനിന്നുകൊണ്ട് തന്റേതായ സൗമ്യമായ പെരുമാറ്റവും പ്രവർത്തനരീതികളും കൊണ്ട് കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക തൊഴിലാളി മേഖലകളിലൊക്കെ പ്രവർത്തിക്കുന്നവരുടേയും ആദരവ് പിടിച്ചുപറ്റുകയും ചെയ്ത ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

എ.പി. കുര്യന്റെ നിര്യാണത്തിൽ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷനും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുകയാണ്. ബഹുമാനപ്പെട്ട എ.പി. കുര്യൻ ഈ നിയമസഭയുടെ സ്പീക്കറായിരുന്ന കാലത്ത് അദ്ദേഹം സഭാ നടപടികൾ നിയന്ത്രിച്ചിരുന്ന രീതിയെപ്പററിയും, സൗമ്യമായ അദ്ദേഹത്തിന്റെ രീതികളും അതുപോലെതന്നെ സ്നേഹഭാവവുമൊക്കെക്കൊണ്ട് അംഗങ്ങളെ ആകർഷിച്ചിരുന്ന രീതിയെപ്പററിയും പലപ്പോഴും പറഞ്ഞുകേട്ടിട്ടുണ്ട്. പണ്ട് മലപ്പുറത്ത് വെടിവയ്പുണ്ടായ സന്ദർഭത്തിൽ സഭയിൽ എന്തും സംഭവിക്കാമായിരുന്നു, കുര്യൻ സ്പീക്കറായതുകൊണ്ട് തരക്കേടുണ്ടായില്ലെന്ന് മഹാനായ സി.എച്ച്. മുഹമ്മദ് കോയ ഒരിക്കൽ പറഞ്ഞത് ഞാൻ ഓർക്കുകയാണ്. അത്തരത്തിലുള്ള വളരെ പ്രക്ഷുബ്ധമായ സന്ദർഭത്തിലൊക്കെ ഈ നിയമ സഭയുടെ മുഴുവൻ ശ്രദ്ധ പിടിച്ചുപററാൻ കഴിയുന്ന രീതിയിൽ പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെന്നുള്ളത് എനിക്ക് കാണാനുള്ള അവസരമുണ്ടായിട്ടില്ലെങ്കിലും എല്ലാവരും പറയുന്നത് കേട്ടിട്ടുണ്ട്. അതുകഴിഞ്ഞ്, കഴിഞ്ഞ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ പനമ്പ, ഈററ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമയത്ത് അദ്ദേഹത്തോട് വളരെ അടുത്ത് പെരുമാറാൻ എനിക്ക് ഇടവന്നിട്ടുണ്ട്. ബാംബു കോർപ്പറേഷന്റെയും മററും ഇഷ്യൂസ് വരുമ്പോൾ സംഘർഷത്തിന് പകരം എല്ലാവരേയും യോജിപ്പിച്ചുകൊണ്ട് ഒരു മദ്ധ്യസ്ഥൻ എന്നുള്ള നിലയ്ക്ക് കൂടിയാലോചനകളും പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിലൊക്കെ സൗമ്യ ഭാവം ഞാൻ എപ്പോഴും കണ്ടിട്ടുണ്ട്. ആ കാലത്ത് അദ്ദേഹവുമായി ഒരു വ്യക്തിബന്ധമുണ്ടാക്കുകയും പിന്നീട് ആ ബന്ധം നിലനിർത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ അടുത്തകാലത്ത് അദ്ദേഹം മാരകമായ രോഗത്തിന് അടിമപ്പെട്ട് ആശുപത്രിയിലായിരുന്ന സന്ദർഭത്തിൽ സാന്ദർഭികമായി ഞാൻ അവിടെ പോകാനിടയായി. ഞാൻ അദ്ദേഹത്തോട് സംസാരിക്കാമെന്ന് വിചാരിച്ചു, പക്ഷേ അദ്ദേഹം അതിനൊന്നും പററുന്ന രീതിയിലായിരുന്നില്ല. അദ്ദേഹം ആ അവസരത്തിൽ അത്രമാത്രം രോഗം മൂർച്ചിച്ച രീതിയിലായിരുന്നു. എനിക്ക് വളരെ വിഷമം തോന്നി. അദ്ദേഹത്തെപ്പോലെ നിറഞ്ഞുനിന്ന ഒരാളിന് ഇതുപോലെ വളരെ വിഷമകരമായ ഒരവസ്ഥയിലുള്ള രോഗം പിടിപ്പെട്ടതിൽ എനിക്ക് ദുഃഖം തോന്നി. മരണം എല്ലാവർക്കും ഒരു ദിവസം ഉള്ളതാണെന്നുള്ള നിലയ്ക്ക് നമുക്ക് സമാധാനിക്കാം. ഈ സഭയിൽ ഇങ്ങനെയുള്ള ദുഃഖ സ്മൃതി ഉണർത്തുന്ന അപൂർവ്വ സന്ദർഭങ്ങളിലൊന്നാണ് ഈ സഭയുടെ ഒരു അദ്ധ്യക്ഷൻ നമ്മെ വിട്ടുപിരിഞ്ഞത്. ദുഃഖകരമായ മുഹൂർത്തമാണ് ഇപ്പോൾ. ആ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നുവെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

**ശ്രീ. കെ.പി. രാജേന്ദ്രൻ :** ബഹുമാനപ്പെട്ട സ്പീക്കർ, പ്രഗൽഭനായ പാർലമെൻററിയനും എല്ലാവരുടെയും സ്നേഹവും ആദരവും പിടിച്ചുപററിയ സ്പീക്കറെന്നുള്ള നിലയിലും കേരളത്തിൽ അറിയപ്പെടുന്ന തൊഴിലാളി പൊതുപ്രവർത്തക കമ്മ്യൂണിസ്ററ് പാർട്ടി നേതാവെന്നുള്ള നിലയിലുമൊക്കെ സഖാവ് എ.പി. കുര്യന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സഭാദ്ധ്യക്ഷനുമെല്ലാം പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുകയാണ്. അത് ഈ സഭയുടെ മൊത്തം വികാരമാണ്, എല്ലാവരുടെയും അഭിപ്രായമാണ്. വളരെ ബുദ്ധിമുട്ടേറിയ കാലഘട്ടത്തിൽ കമ്മ്യൂണിസ്ററ് പാർട്ടിയുടെ പ്രവർത്തകനായി, പാർട്ടി ഏൽപ്പിച്ച ചുമതല ഏറെറടുത്തുകൊണ്ട് തീഷ്ണമായ

LIBRARY ARCHIVES Kerala Legislative Assembly

അനുഭവങ്ങൾ ഏററുവാങ്ങി തൊഴിലാളികൾക്കിടയിലും കൃഷിക്കാർക്ക് ഇടയിലുമൊക്കെ പ്രവർത്തിക്കുവാൻ മുന്നോട്ടുവന്ന നേതാവായിരുന്നു എ. പി. കുര്യൻ. ഇവിടെ പറഞ്ഞതുപോലെ ഏററവും കൂടുതൽ ശ്രദ്ധിച്ച് പ്രവർത്തിച്ച് കൃഷിക്കാരേയും തൊഴിലാളികളേയും സംഘടിപ്പിച്ചതിലൊക്കെ കഴിവ് തെളിയിച്ചിട്ടുണ്ടെങ്കിലും വിലപ്പെട്ട പല സംഭാവനകളും നൽകിയിട്ടുണ്ടെങ്കിലും അദ്ദേഹം കൂടുതൽ ശ്രദ്ധിച്ചിട്ടുള്ള ഒരു മേഖല, അല്ലെങ്കിൽ അദ്ദേഹം കൂടുതൽ സമയം ചെലവഴിക്കപ്പെട്ട ഒരു മേഖല പനമ്പ്-ഈററ തൊഴിലാളികളുടെ മേഖലയാണ്. ഏററവും അസംഘടിതമായിരുന്ന, ഏററവും കൂടുതൽ ബുദ്ധിമുട്ടും ദാരിദ്ര്യവും കടുത്ത ചൂഷണവും അനുഭവിച്ചിരുന്ന തൊഴിലാളികളെ സംഘടിപ്പിച്ച് അവർക്ക് സംഘടനയും പ്രസ്ഥാനവും ഉണ്ടാക്കിക്കൊടുക്കാനും അവരുടെ അവകാശം സംരക്ഷിക്കാനും വേണ്ടിയുള്ള പോരാട്ടത്തിൽ അദ്ദേഹത്തിന്റെ ജീവിതാവസാനം വരെ അതിനുവേണ്ടി പ്രവർത്തിച്ചു എന്നാണ് മനസിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്താണ് നമ്മൾ ഈററത്തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമനിധി നിയമം പാസാക്കിയത്. അതിനെത്തുടർന്ന് രൂപീകരിച്ച ക്ഷേമനിധി ബോർഡിൽ അദ്ദേഹം അംഗമായിരുന്നു. അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അദ്ദേഹം ഈ കഴിഞ്ഞ ഗവൺമെൻറിന്റെ അവസാന കാലത്ത് തൊഴിൽ വകുപ്പ് മന്ത്രിയുമായിട്ടുള്ള ഒരു ചർച്ചയിൽ പങ്കെടുത്തിരുന്നു. ഞാനും ആ ചർച്ചയിൽ പങ്കെടുത്തിരുന്നു. അന്ന് ആ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാര്യങ്ങളിൽ, തൊഴിലാളികളെ സംബന്ധിച്ച ഓരോ വിഷയങ്ങളും അദ്ദേഹം എണ്ണിയെണ്ണി ഗവൺമെൻറിന്റെയും മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയത് ഞാൻ വളരെ താൽപ്പര്യപൂർവ്വമാണ് കേട്ടത്. എനിക്ക് അന്ന് വളരെ ബഹുമാനവും കൂടുതൽ അടുപ്പവും അദ്ദേഹത്തോട് തോന്നുകയുണ്ടായി. കാരണം ചെറിയ ചെറിയ കാര്യങ്ങൾ പോലും ആ നേതാവിന്റെ ശ്രദ്ധയിൽ വന്നു. കാരണം അത്രമാത്രം തൊഴിലാളികളുമായി ഇഴുകി ചേർന്ന് അദ്ദേഹം പ്രവർത്തിച്ചിരുന്നു. അതാണ് കഴിഞ്ഞ കാലത്തെ പല നേതാക്കൾക്കുമുള്ള ഏററവും വലിയ ഗുണം. കമ്മ്യൂണിസ്ററ് പാർട്ടിയുടെ പ്രവർത്തകനായി തൊഴിലാളികൾക്കിടയിൽ പ്രവർത്തിച്ച് അവരുമായി ഇഴുകിച്ചേർന്ന് അവരുടെ എല്ലാ അനുഭവങ്ങളും ഉൾക്കൊണ്ടുകൊണ്ട് അവർക്കുവേണ്ടി അവസാനം വരെ പ്രവർത്തിച്ച് ഏററവും നല്ല അനുഭവമുള്ളവരാണ് അവരെല്ലാം. ആ നിലയിൽ മുൻപന്തിയിൽ നിന്ന നേതാവാണ് എ. പി. കുര്യൻ. അദ്ദേഹത്തിന്റെ ചുരുങ്ങിയ കാലത്തെ സ്പീക്കർ എന്നുള്ള നിലയിലുള്ള പ്രവർത്തനങ്ങളിൽ ഏററവും ശ്രദ്ധേയമായ നേട്ടം ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ ചൂണ്ടിക്കാണിച്ചു. സബ്ജക്ട് കമ്മിററിയുടെ രൂപീകരണവും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പി. എ. സി. യുടെ ചെയർമാൻ എന്നുള്ള നിലയിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും സംബന്ധിച്ച് ബഹു: മുഖ്യമന്ത്രി സൂചിപ്പിച്ചു. അങ്ങനെ എല്ലാ നിലകളിലും തന്റെ കഴിവ്, ആത്മാർത്ഥത, സേവന സന്നദ്ധത എല്ലാം പ്രകടിപ്പിച്ചിട്ടുള്ള ആ നേതാവിന്റെ മുന്നിൽ, എ. പി. കുര്യന്റെ സ്മരണയ്ക്കു മുന്നിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് എന്റെ ചെറിയ വാക്കുകൾ ചുരുക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുന്നു. എ. പി. കുര്യനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ കൂർമ്മബുദ്ധിയും പ്രായോഗിക വീക്ഷണവും ആയിരുന്നു മററുള്ളവരിൽ നിന്നും അദ്ദേഹത്തെ വ്യത്യസ്തമാക്കി തീർത്തത്. എ. പി. കുര്യൻ നല്ല ഒരു പാർലമെന്റേറിയൻ ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ കാര്യങ്ങളും വിഷയങ്ങളും പഠിച്ച് ഈ നിയമസഭയിൽ അവതരിപ്പിച്ച ശ്രദ്ധേയരായ പ്രഗൽഭൻമാരായ പാർലമെൻേററിയൻമാരിൽ ഒരാളായിരുന്നു. അതിൽ പ്രമുഖനായിരുന്നു എ. പി. കുര്യൻ എന്നു പറയുന്നതിൽ വളരെ സന്തോഷമുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഞാൻ കാണുന്നത്, അദ്ദേഹം ഏററവും കൂടുതൽ ശോഭിച്ചത് ഒരു സ്പീക്കർ എന്നുള്ള നിലയിൽ അല്ല. അതുപോലെ ഒരു പാർലമെൻേററിയൻ എന്നുള്ള തിനേക്കാൾ ഏററവും കൂടുതൽ ശോഭിച്ചത് പി. എ. സി. യുടെ ചെയർമാൻ ആയിരുന്ന സന്ദർഭത്തിലാണ്. മുഖ്യമന്ത്രി ഒരു വശം പറയുകയുണ്ടായി. ഞാൻ വേറൊരു വശം അദ്ദേഹത്തിൽ കാണുന്നത് പി. എ. സി. യുടെ ചെയർമാനായിരുന്നുകൊണ്ട് അദ്ദേഹം ഓരോ കേസുകളും വരുമ്പോൾ ആ കേസുകളിൽ അന്തർലീനമായി കിടക്കുന്ന വീഴ്ചകളും നടപടിപ്പിശകുകളും കണ്ടുപിടിച്ച് ഓരോ സാക്ഷികളെയും ഉദ്യോഗസ്ഥൻമാരെയും ക്രോസ് ചെയ്ത് സത്യങ്ങൾ കണ്ടെത്താൻ വേണ്ടി അദ്ദേഹം പ്രകടിപ്പിച്ച പ്രാഗൽഭ്യം വളരെ വളരെ ആയിരുന്നു. പി. എ. സി. ചെയർമാൻ എന്ന നിലയിൽ അഗാധമായ പരിജ്ഞാനം അദ്ദേഹം ആർജ്ജിച്ചിരുന്നു. അദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ വളരെയേറെ ശ്ലാഘനീയമായിരുന്നു. അതുപോലെ തന്നെ സ്പീക്കർ എന്നുള്ള നിലയിൽ ആ കസേരയിൽ ഇരിക്കുമ്പോൾ അദ്ദേഹം നൽകിയിട്ടുള്ള റൂളിംഗ്, എല്ലാവർക്കും ആദരവ് തോന്നിക്കുന്ന റൂളിംഗുകൾ, പ്രായോഗികമായ നിലയിൽ നിന്നുകൊണ്ട് അദ്ദേഹം നൽകിയിട്ടുള്ള റൂളിംഗുകൾ വളരെ ശ്രദ്ധേയമായിരുന്നു. അദ്ദേഹം ഏററവും നല്ല ട്രേഡ് യൂണിയൻ നേതാവ് ആയിരുന്നു. ഇവിടെ പ്രകടിപ്പിച്ചതുപോലെ ഈററവെട്ട് തൊഴിലാളികളുടെ പ്രശ്നം, ഈ സഭയിൽ ഈററവെട്ടു തൊഴിലാളി കളുടെ പ്രശ്നം സംബന്ധിച്ച് പല പ്രമേയങ്ങളും അദ്ദേഹം കൊണ്ടു വന്നിട്ടുണ്ട്, പല ചർച്ചകളും നടന്നിട്ടുണ്ട്. ഒരിക്കൽ ഞാൻ അവതരി പ്പിച്ച ബഡ്ജററിലാണ് ആദ്യമായിട്ട് ഈററവെട്ട് തൊഴിലാളികൾക്ക് ക്ഷേമനിധി പ്രഖ്യാപിച്ചത്. ആ പ്രഖ്യാപനത്തിന് ഇടവന്നിട്ടുള്ളത് എ. പി. കുര്യൻെറ നേതൃത്വത്തിൽ നടന്നിട്ടുള്ള ഉന്നത നിലവാരത്തിലുള്ള ചർച്ച കളാണ് എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എ. പി. കുര്യനെ സംബന്ധിച്ചിടത്തോളം താൻ വിശ്വസിച്ച കാര്യത്തിനു വേണ്ടി ഉറച്ച് നില കൊള്ളുന്ന ഒരു പോരാളിയാണെങ്കിലും ആ പോരാട്ടത്തിനിടയിലും മററുള്ള വരുടെ ആദരവ് പിടിച്ചു പററാൻ അദ്ദേഹത്തിൻെറ തികഞ്ഞ ആത്മാർത്ഥ തയും, പ്രതിബദ്ധതയും കാരണമായി എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്ക പ്പെടേണ്ട കാര്യമാണ്. അദ്ദേഹത്തിൻെറ ആത്മാർത്ഥതയും ഉദ്ദേശ ശുദ്ധിയും അദ്ദേഹത്തിൻെറ പ്രവർത്തനത്തിലുള്ള പ്രതിബദ്ധതയും വളരെ പ്രശംസനീയമായിട്ടുള്ള കാര്യമാണ്. ഈ നിലയിൽ പൊതുപ്രവർത്തന രംഗത്ത് വളരെയധികം ഉന്നത നിലവാരം പുലർത്തിയ ഒരു നേതാവെന്ന നിലയിൽ ഞാൻ കുര്യനെ സ്മരിക്കുന്നു. അദ്ദേഹത്തിൻെറ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് എൻെറ വാക്കുകൾ ഉപസംഹരി ക്കുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, സഖാവ് എ. പി. കുര്യൻെറ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് അങ്ങും സഭാ നേതാവും പ്രതിപക്ഷനേതാവും മററ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും വികാരത്തോടും ഞാൻ യോജിക്കുന്നു. 1977-ൽ ആദ്യമായി ഞാൻ ഈ സഭയിൽ കടന്നുവരുമ്പോൾ സഖാവ് എ. പി. കുര്യൻ മൂന്നാം തവണ ഈ സഭയിൽ അംഗമായിട്ട് ഇവിടെ ഉണ്ടായിരുന്നു. അന്ന് ഇന്നത്തേക്കാൾ അംഗസംഖ്യ കുറഞ്ഞ ഒരു പ്രതിപക്ഷ നിരയിൽ ഞങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒരുമിച്ച് പ്രവർത്തിക്കാൻ അവസരം ലഭിച്ചു. കിട്ടുന്ന എല്ലാ അവസരങ്ങളിലും പ്രതിപക്ഷ നിരയിൽ നിന്നുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ പരമാവധി ശ്രമിക്കുകയും നേതൃത്വം നൽകുകയുമൊക്കെ ചെയ്തിരുന്ന സഖാവ് കുര്യനെ ഞാൻ ഓർക്കുകയാണ്. അതോടൊപ്പം ആ കാലഘട്ടത്തിൽ നടന്ന ഇന്നത്തെ മുഖ്യമന്ത്രിയും അന്നത്തെ മുഖ്യമന്ത്രിയുമായിരുന്ന ശ്രീ. എ. കെ. ആന്റണി മത്സരിച്ച കഴക്കൂട്ടം ഉപതെരഞ്ഞെടുപ്പ് അടക്കം പല ഉപതിരഞ്ഞെടുപ്പുകളിലും വളരെ അടുത്ത് ഒരുമിച്ചു പ്രവർത്തിക്കാൻ ഞങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. അങ്ങനെ സഭയ്ക്ക് അകത്തും പുറത്തും പൊതുപ്രവർത്തന രംഗത്തും ഒരുമിച്ച് പ്രവർത്തിക്കാനുള്ള അവസരം ഉണ്ടായി. ഈ കഴിഞ്ഞകാല പ്രവർത്തനങ്ങളെ കുറിച്ച് ഓർക്കുമ്പോൾ സൗഹൃദവും സ്നേഹവും എക്കാലവും എല്ലാവരോടും നിലനിർത്തിപോന്ന ഒരു സഖാവായിട്ടാണ്, നേതാവായിട്ടാണ് എ. പി. കുര്യനെ ഓർക്കാൻകഴിയുന്നത്. അദ്ദേഹം വഹിച്ചിരുന്ന സ്ഥാനമാനങ്ങൾ എന്തായിരുന്നാലും ആ സ്ഥാനമാനങ്ങളുടെ വലിപ്പച്ചെറുപ്പം കൂടാതെ ഒരേ മനഃസാന്നിദ്ധ്യത്തോടുകൂടി പൊതുരംഗത്ത് അദ്ദേഹം നിന്നിട്ടുണ്ട്. സ്പീക്കറായിരുന്നു, മുഖ്യമന്ത്രിയുടെ പൊളിററിക്കൽ സെക്രട്ടറിയായിരുന്നു, അവസാനം ബാംബൂ കോർപ്പറേഷന്റെ ചെയർമാനായിരുന്നു. ഈ എല്ലാ സന്ദർഭങ്ങളിലും ഏൽപ്പിക്കുന്ന ചുമതലകൾ വളരെ ആത്മാർത്ഥതയോടുകൂടിയും സത്യസന്ധതയോടുകൂടെയും ഊർജ്ജസ്വലതയോടുംകൂടി കൈകാര്യംചെയ്ത നേതാവായിരുന്നു സഖാവ് കുര്യൻ. അതുപോലെതന്നെ ഇവിടെ പരാമർശിക്കപ്പെട്ടതുപോലെ ഒരു സാമൂഹിക ചുററുപാടിൽ നിന്നും, ഒരു യാഥാസ്ഥിതിക സാമൂഹിക ചുററുപാടിൽ നിന്നും യാഥാസ്ഥിതികതയുടെ അതിർവരമ്പുകളെ മുറിച്ചെറിഞ്ഞുകൊണ്ട് പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ ഇടതുപക്ഷ പ്രസ്ഥാനത്തിലൂടെ കടന്നുവന്നു പ്രവർത്തിക്കുന്നതിനും ആ പ്രവർത്തന രംഗത്ത് അവസാന കാലംവരെ, ആശുപത്രിയിൽ പ്രവേശിക്കുന്നതുവരെ ഉറച്ചു നിൽക്കാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അങ്കമാലി പ്രദേശത്തെ സംബന്ധിച്ചിടത്തോളം കക്ഷി രാഷ്ട്രീയത്തിനതീതമായി ആ പ്രദേശത്തെ എല്ലാ ആളുകളുടേയും സ്നേഹാദരങ്ങൾ അദ്ദേഹം ആർജ്ജിച്ചിരുന്നു. ആ പ്രദേശത്തിന്റെ ചെറുതും വലുതുമായ വികസന പ്രവർത്തനങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അതുപോലെ തന്നെ അങ്കമാലിപോലുള്ള ഒരു നിയോജകമണ്ഡലത്തിൽ നിന്നും നാല് തവണ തുടർച്ചയായി ഈ സഭയിൽ തെരഞ്ഞെടുക്കപ്പെട്ടു വരുക, അതും 1977-ലെ തെരഞ്ഞെടുപ്പിൽ വളരെ അംഗ സംഖ്യ കുറഞ്ഞ ഒരു കക്ഷിയായി സി. പി. എം. നിയമസഭയിൽ മാറിയപ്പോഴും നിയമസഭയിലേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു വന്നുവെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. അങ്ങനെ ജനങ്ങളുടെ ഇടയിൽ എല്ലാ ഭിന്നതകളും മറന്നുകൊണ്ട് ജനങ്ങൾ അംഗീകരിക്കുന്ന ഒരു നേതാവായി നിലനിൽക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹം ഏററവും അസംഘടിതമായ തൊഴിലാളി മേഖലയിലാണ് പ്രവർത്തിച്ചത്. പ്ലാന്റേഷൻ മേഖലയിൽ, കൂപ്പു തൊഴിലാളികളുടെ മേഖലയിൽ, ഈററ, പനമ്പു തൊഴിലാളികളുടെ മേഖലയിൽ ഇവിടെയൊക്കെത്തന്നെ താൻ നേതൃത്വം കൊടുക്കുന്ന തൊഴിലാളി സംഘടനയിലെ തൊഴിലാളികളുടെ ഇടയിൽ മാത്രമല്ല എല്ലാ തൊഴിലാളികളുടേയും അനിഷേധ്യമായ അംഗീകാരം പിടിച്ചുപററിയ നേതാവായിരുന്നു എ. പി. കുര്യൻ. എ. പി. കുര്യന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തികൊണ്ട് അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

**കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ)** : സഖാവ് എ. പി. കുര്യന്റെ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടേയും ദുഃഖം അറിയിക്കുകയാണ്. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളെ ഞങ്ങളുടെ അനുശോചനം അറിയിക്കുന്നു.

**ഡോ. കെ. സി. ജോസഫ്** : സർ, അന്തരിച്ച മുൻ നിയമസഭാസ്പീക്കർ എ. പി. കുര്യന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സഭാനേതാവും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുന്നു. 1977-ൽ ഞാൻ ഈ നിയമസഭയിൽ കടന്നുവന്ന നാൾ മുതൽ അദ്ദേഹത്തിന്റെ അവസാന കാലഘട്ടം വരെ അദ്ദേഹവുമായി അടുത്ത് ഇടപഴകാനും പ്രവർത്തിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിൽ കടന്നുവന്ന് കർഷക പ്രസ്ഥാനവുമായും തൊഴിലാളി പ്രസ്ഥാനവുമായും ഇഴുകി ചേർന്ന് പ്രവർത്തിച്ച് ജനസേവനം നടത്തിയ ഒരു നേതാവായിരുന്നു അദ്ദേഹം. വിനയാന്വിതമായ പ്രവർത്തനം കൊണ്ട് എല്ലാവരുടേയും ആദരവ് പിടിച്ചുപററുവാൻ അദ്ദേഹത്തിനു കഴിഞ്ഞു, അടിസ്ഥാനമേഖലയിലുള്ള ജനങ്ങളോടൊപ്പം നിന്ന് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പ്രവർത്തിച്ച് അവരോടൊപ്പം നീങ്ങി അവരുടെ വളർച്ചയോടൊപ്പം സ്വയം വളർന്ന് ഈ സംസ്ഥാനത്തെ നേതൃത്വത്തിന്റെ ഉന്നത ശ്രേണിയിലേക്ക് അദ്ദേഹത്തിന് എത്തിച്ചേരുവാൻ കഴിഞ്ഞു. അദ്ദേഹം പ്രവർത്തിച്ചിരുന്ന മേഖലയിൽ ആർക്കുവേണ്ടി പ്രവർത്തിച്ചിരുന്നുവോ അവരോട് ആത്മാർത്ഥതയോടെ പൂർണ്ണമായും ഇഴുകി ചേർന്ന് പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ബഹുമാനപ്പെട്ട നീലലോഹിതദാസൻ നാടാർ പറഞ്ഞതുപോലെ ഏത് സ്ഥാനത്തിരുന്നാലും അതിന്റെ വലിപ്പത്തേക്കാളുപരിയായി താൻ ഏറെറടുത്ത ജോലി, ആ സ്ഥാനം അതിന് അനുസരണമായി ഞാൻ പ്രതിനിധാനം ചെയ്യുന്ന മേഖലയിലെ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കുക എന്ന സദുദ്ദേശത്തോടുകൂടി പ്രവർത്തിക്കുവാൻ ശുഷ്കാന്തി കാണിച്ചു. അർപ്പണമനോഭാവം കാണിച്ചു. രോഗം കാർന്നുതിന്നുമ്പോഴും ആശുപത്രിയിൽ നിന്ന് ഇടയ്ക്ക് ഇറങ്ങി വീണ്ടും ആശുപത്രിയിൽ പോകുന്നതിന് മുൻപുള്ള അവസരത്തിലും ആ ഇടക്കാലത്തും തൊഴിലാളികളുടെ പ്രശ്നങ്ങൾ സംസാരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട മന്ത്രിയെ കാണുന്നതിനൊക്കെ നിയമസഭാപരിസരത്ത് വന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. മാരകമായ രോഗം കാർന്ന് തിന്നുന്നു എന്നറിഞ്ഞുകൊണ്ടുതന്നെ അവസാന നാൾ വരെ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി അവർക്ക് കുറച്ചെങ്കിലും ആശ്വാസം കൊടുക്കുന്നതിന് തന്നാലാവുന്നത് ചെയ്യുക എന്നുള്ള വലിയ ഒരു മനോഭാവമായിരുന്നു അദ്ദേഹം പ്രകടിപ്പിച്ചത്. ആ നിലയിൽ പുതിയ തലമുറയിൽ പെടുന്ന എല്ലാവർക്കും മാതൃകയാക്കാവുന്ന പൊതുപ്രവർത്തന രീതിയാണ് അദ്ദേഹം നമുക്ക് കാണിച്ചുതന്നത്. അദ്ദേഹത്തിന്റെ ഈ പ്രവർത്തന മാതൃക പൊതുപ്രവർത്തന രംഗത്തേക്ക് ഇറങ്ങുന്ന എല്ലാവർക്കും മാതൃകയാണ്. ആ മാതൃക ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ നമുക്ക് കഴിയട്ടെ. അദ്ദേഹത്തിന്റെ നല്ല പ്രവർത്തനങ്ങൾ—നിയമസഭാ പ്രവർത്തനം ഭംഗിയാക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ—അദ്ദേഹം ചെയ്ത സേവനങ്ങൾ തീർച്ചയായും എക്കാലവും അനുസ്മരിക്കപ്പെടും. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എന്റെയും എന്റെ കക്ഷിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും ജലവിതരണവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നമ്മുടെ സംസ്ഥാനത്തിന്റെ പൊതുജീവിതത്തിൽ, രാഷ്ട്രീയ രംഗത്ത് വളരെ പ്രഗൽഭനായിട്ടുള്ള ഒരു വ്യക്തിയെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിട്ട് അധിക ദിവസമായിട്ടില്ല. അദ്ദേഹത്തോടൊപ്പം രണ്ടു നിയമസഭകളിൽ കഴിയാനുള്ള അവസരം എനിക്കുണ്ടായിട്ടുണ്ട്. സ്പീക്കർ എന്നുള്ള നിലയിൽ അദ്ദേഹം രണ്ടു വർഷക്കാലം സഭയെ നിയന്ത്രിച്ചിരുന്ന വ്യക്തിയാണ്. അന്ന് പ്രതിപക്ഷത്തിരുന്ന ഒരു അംഗമെന്നുള്ള നിലയിൽ പലപ്പോഴും ഈ സഭയിൽ പ്രക്ഷുബ്ധമായ രംഗങ്ങളുണ്ടായപ്പോഴെല്ലാം അതിനെ സ്വതസിദ്ധമായ ശാന്തതയോടെ കണ്ട്, നേരിട്ട് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞ ഒരു സ്പീക്കറെന്നുള്ള നിലയിൽ അന്ന് അദ്ദേഹത്തിന് എല്ലാവരുടേയും ആദരവ് പിടിച്ചുപററാൻ കഴിഞ്ഞിട്ടുണ്ട്. 15 വർഷക്കാലം നാല് നിയമസഭകളിലായി കേരള നിയമസഭയിൽ അംഗമായിരുന്ന അദ്ദേഹം ഒരു നിയമസഭാംഗം, സ്പീക്കർ, പ്രതിപക്ഷത്തും ഭരണപക്ഷത്തും പ്രവർത്തിച്ച ഒരു വ്യക്തി എന്നുള്ള നിലയിലൊക്കെ തന്റേതായിട്ടുള്ള വ്യക്തിത്വം അദ്ദേഹം എപ്പോഴും നിലനിർത്തിയിട്ടുണ്ട്. അദ്ദേഹം ആ രംഗത്ത് മാത്രമല്ല, മുഖ്യമന്ത്രിയുടെ പൊളിററിക്കൽ സെക്രട്ടറി എന്നുള്ള നിലയിൽ 1987-91 കാലയളവിൽ പ്രവർത്തിച്ചു. ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നുണ്ട്, സ്പീക്കറായിരുന്ന ഒരു വ്യക്തി മുഖ്യമന്ത്രിയുടെ പൊളിററിക്കൽ സെക്രട്ടറി എന്നുള്ള സ്ഥാനം ഏറെറടുത്തതിനെ സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്ത് കുറെ ചർച്ചകൾ നടന്നതാണ്. പക്ഷേ പാർട്ടി ഏൽപ്പിക്കുന്ന ഏത് ചുമതലയും ഏറെറടുക്കുവാനും അത് അതിന്റെ എല്ലാ ഔന്നത്യത്തിലും മുന്നോട്ടു കൊണ്ടുപോകാനും അദ്ദേഹത്തിന് കഴിഞ്ഞുവെന്നുള്ളത് എടുത്തു പറയേണ്ട ഒരു സംഗതിയാണ്. ഞാൻ അദ്ദേഹവുമായി ഏററവും അടുത്ത് കൂടുതൽ ഇടപെടാനുണ്ടായ സാഹചര്യം, നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടാണ്. അന്ന് മന്ത്രിസഭയിൽ അംഗമായിരുന്ന ഞാൻ അവിടത്തെ അന്നത്തെ എം. എൽ. എ. ആയിരുന്ന ശ്രീ. ജോയി ഉൾപ്പെടെയുള്ള ആളുകളുമായി ഞങ്ങൾ ചർച്ചകൾ നടത്തി. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പത്തോ നാൽപ്പതോ ചർച്ചകളെങ്കിലും ചുരുങ്ങിയത് നടത്തിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഒരു ഭാഗത്ത് സ്ഥലം നഷ്ടപ്പെടുന്ന ആളുകളുടെ ബുദ്ധിമുട്ട്, മറുഭാഗത്ത് ഈ വലിയ സംരംഭം അവിടെ വരണമെന്നുള്ള ആഗ്രഹം. അതിന് മദ്ധ്യേയുള്ള സംഘർഷഭരിതമായിട്ടുള്ള ദിവസങ്ങൾ. പക്ഷേ അതിന് പരിഹാരമുണ്ടാക്കാൻ ചില ആളുകൾ വളരെ എക്സ്ട്രീം ആയിട്ടുള്ള നിലപാട് സ്വീകരിച്ചപ്പോഴും ഒരു സമന്വയത്തിന്റെ മാർഗ്ഗത്തിലേക്ക് വരാൻ താൽപ്പര്യം കാണിച്ച നേതാക്കളിൽ ഒരാളായിരുന്നു എ. പി. കുര്യൻ എന്നുള്ളത് എടുത്തു പറയാൻ കഴിയുന്ന ഒരു സംഗതിയാണ്. എല്ലാവരുടേയും യോജിച്ച പ്രവർത്തനം കൊണ്ട് ഒരു വലിയ സംരംഭം അങ്കമാലിക്കടുത്ത് നമ്മുടെ രാജ്യത്തിനു തന്നെ അഭിമാനകരമായി ഉയർന്നുവന്നുവെങ്കിൽ അതിന്റെ ഒരു പങ്ക് എ. പി. കുര്യനുമുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹത്തെ മറെറാരു രൂപത്തിൽ കൂടി കാണുന്നുണ്ട്. അങ്കമാലിയിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്കുകൂടി അദ്ദേഹം നേതൃത്വം കൊടുത്ത ഒരു വലിയ പ്രസ്ഥാനമുണ്ട്. "Cultural Society of Angamaly". നമ്മുടെ രാജ്യത്ത്—കേരളത്തിൽ ഒരുപാട് സാംസ്കാരിക സ്ഥാപനങ്ങളുണ്ട്. ഒരു പക്ഷെ വളരെ ഭംഗിയായി പ്രവർത്തിക്കുന്ന ഒരു സാംസ്കാരിക സ്ഥാപനമാണിത്. അതിന് ഗ്രാൻറ് കിട്ടുന്നതിന് അദ്ദേഹം വളരെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ആ കാലഘട്ടത്തിൽ ഞാൻ സാംസ്കാരിക വകുപ്പു മന്ത്രിയായിരുന്നു. ആ സൊസൈററിക്ക് ഗ്രാൻറ് നൽകാൻ സാംസ്കാരിക വകുപ്പിന് പ്രൊവിഷൻസ് ഒന്നും ഇല്ലെങ്കിലും ഗ്രാൻറ് കിട്ടണം, വാങ്ങി എടുക്കണമെന്നുള്ള താൽപര്യത്തോടുകൂടി അദ്ദേഹം അന്ന് നടത്തിയ ശ്രമഫലമായി അത് സാധിച്ചെടുത്തു. മരിക്കുന്നതുവരെ ആ സംഘടനയുടെ, അല്ലെങ്കിൽ ആ സ്ഥാപനത്തിന്റെ പ്രസിഡൻറായി അദ്ദേഹം സേവനം അനുഷ്ഠിച്ചു എന്നുള്ളതാണ് വസ്തുത. കമ്മ്യൂണിസത്തെ എതിർക്കുന്ന ആളുകൾക്കുപോലും എ.പി. കുര്യനെന്ന കമ്മ്യൂണിസ്ററുകാരനെ സ്നേഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഒരു പ്രത്യേകതയായി ഞാൻ കാണുകയാണ്. അദ്ദേഹം ഒരു തികഞ്ഞ കർഷകനായിരുന്നു. പലർക്കും അറിയാം, കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ; ഇന്നിവിടെ അനുസ്മരണം നടക്കുന്ന സന്ദർഭത്തിൽ ഞാൻ ഇന്നലെ നിയമസഭാ സെക്രട്ടേറിയററിൽ നിന്നും അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗമെടുത്തു നോക്കുകയുണ്ടായി. 1967 മാർച്ച് 27-ാം തീയതിയാണ് അദ്ദേഹം കേരള നിയമസഭയിൽ വന്നതിനുശേഷം ആദ്യത്തെ പ്രസംഗം നടത്തുന്നത്. ആ പ്രസംഗത്തിൽ അദ്ദേഹം പറയുന്നത് കാർഷികമേഖലയും അതുമായി ബന്ധപ്പെട്ട് ജലസേചന വിഭാഗവും പ്രവർത്തിക്കേണ്ടതാവശ്യമാണ് എന്നാണ്. അതുമാത്രമാണ് ആസ്പിച്ച്. അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗം കൃഷിക്കാർക്കുവേണ്ടി എന്തെല്ലാം ചെയ്യണം, അതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കണം, എന്നുള്ള നിർദ്ദേശങ്ങൾ അടങ്ങിയതായിരുന്നു. അത് നിയമസഭയുടെ രേഖകളിൽ ഇപ്പോഴുമുണ്ട്. അങ്ങനെ നോക്കുമ്പോൾ എല്ലാ രംഗത്തും ബഹുമുഖമായ വ്യക്തിത്വം പുലർത്തിയ ഒരു വലിയ മനുഷ്യനെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തെ ഒരുപാട് ആളുകൾ സ്നേഹിച്ചിരുന്നു. അതുകൊണ്ടു തന്നെയാണ്, തിരുവോണ ദിവസമാണ് അദ്ദേഹത്തിന്റെ ശവസംസ്ക്കാരം നടന്നതെങ്കിൽത്തന്നെയും വളരെ വലിയ ഒരു ജനസഞ്ചയം അവിടെ കൂടുകയും അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തത്. എറണാകുളം ജില്ലയുടെ വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പലപ്പോഴും പല ചർച്ചകളിലും ഒരുമിച്ച് പങ്കെടുക്കാൻ കഴിഞ്ഞ ഒരാളെന്നുള്ള നിലയിൽ എനിക്ക് എ.പി. കുര്യനോട് വളരെയേറെ ആദരവാണ് മനസ്സിൽ എപ്പോഴും തോന്നിയിട്ടുള്ളത്. അദ്ദേഹത്തിന്റെ വ്യക്തിത്വം, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങി നമുക്ക് പകർത്താൻ കഴിയുന്ന ഒട്ടേറെ ഗുണപാഠങ്ങൾ അതിനകത്തുണ്ട്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഞാനും എന്റെ കക്ഷിയും അനുശോചനം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുന്നു.

<u>ശ്രീ. എ. സി. ഷൺമുഖദാസ്</u> : സർ, നമ്മുടെ പ്രിയപ്പെട്ട എ. പി. കുര്യന്റെ ദേഹവിയോഗത്തിൽ ബഹുമാനപ്പെട്ട അങ്ങും സഭാനേതാവും പ്രതിപക്ഷനേതാവും മററ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. മലയാററൂർ പള്ളിയുടെ അന്തരീക്ഷവും ശ്രീ ശങ്കരന്റെ ജൻമദേശവും ഉൾക്കൊള്ളുന്ന ഒരു സ്ഥലത്തിന്റെ പ്രാന്തപ്രദേശത്ത് ജനിച്ച എ. പി. കുര്യൻ അക്കാലത്തിലെ മതപരവും സാമുദായികവും സാമൂഹികവുമായ അന്തരീക്ഷത്തിൽ നോക്കുമ്പോൾ ഒരു കമ്മ്യൂണിസ്ററായി മാറി, കമ്മ്യൂണിസ്ററ് പാർട്ടിയുടെ സ്ഥാനാർത്ഥിയായി അവിടെ തുടർച്ചയായി ജയിച്ചുവെന്നത് കുര്യന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം ഏററവും വലിയൊരു അളവുകോൽ ആയിട്ടാണ് കാണാൻ കഴിയുക. പല ഘട്ടങ്ങളിൽ അദ്ദേഹവുമായി ബന്ധപ്പെടാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇടവന്ന ഒരാളാണ് ഞാൻ. ശ്രീ. ടി. എം. ജേക്കബ് ഇവിടെ ഓർമ്മിപ്പിച്ചു, അങ്കമാലി കൾച്ചറൽ അസോസിയേഷൻ സെൻററിൽ—അങ്കമാലിയിലൂടെ കടന്നുപോകുമ്പോൾ ഒക്കെ കുര്യനെ അന്വേഷിച്ചുപോകാറുള്ള ഒരാൾ എന്ന രീതിയിൽ പലപ്പോഴു—അദ്ദേഹത്തെ കാണുമ്പോൾ അദ്ദേഹം ഒരു രാഷ്ട്രീയപ്രവർത്തകനാണോ ഒരു സാംസ്കാരിക-സാമൂഹ്യ പ്രവർത്തകനാണോയെന്ന് തോന്നിപ്പോകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുടെ സങ്കീർണ്ണതയിൽ ഒരു അവിഭാജ്യഘടകമായി അവസാനം 990-ന് ശേഷവും അദ്ദേഹം അങ്കമാലിയിൽ പരന്നുനിന്നിരുന്നു എന്നതാണ് വസ്തുത. ആലുവ, പെരുമ്പാവൂർ മേഖല നിയമ സംരക്ഷണത്തിന്റേയും സംഘടിത തൊഴിലാളി വർഗ്ഗത്തിന്റേയും ശ്രമഫലമായി തൊഴിലാളികൾക്ക് ഏറെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ അസംഘടിതരായ പനമ്പ്, ഈററ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് സംഘടിത ശക്തി പകർന്ന് കൊടുക്കാനും സംഘടിത ശക്തിയിലൂടെ രാഷ്ട്രീയത്തിന്റെ കൂടി പിൻബലം നൽകിയതുകൊണ്ട് അവർക്കും പൊതുമേഖലാ സംരംഭങ്ങളിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞു. അവരും ജീവിത വൃത്തിക്കായി കാട്ടിൽ നിന്ന് മുള എടുത്ത് ആരുമാരും അറിയാതെ ജീവിച്ചിരുന്ന ഒരു കാലഘട്ടം മാറി, അവർക്കും ഒരു ജീവിതം ഉണ്ടാക്കിക്കൊടുക്കാൻ ഈ കേരളത്തിൽ ശ്രമിച്ചതിന്റെ എല്ലാമെല്ലാം ഉത്തരവാദി അദ്ദേഹമാണ്. മററ് പല നേതാക്കൻമാരും ആ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. ഒരു രാഷ്ട്രീയ പ്രവർത്തകൻ തന്റെ സംഘടനയുടെ ചുററുപാടിൽ നിൽക്കുമ്പോൾ പൊതുജീവിതത്തിൽ പലപ്പോഴും വ്യക്തിബന്ധങ്ങൾക്കും രാഷ്ട്രീയത്തിന് അതീതമായി വ്യക്തി ബന്ധങ്ങൾക്കും അതിർവരമ്പുകൾ ഉണ്ടെന്നുള്ളത് ശ്രദ്ധിക്കാറുണ്ടെങ്കിലും കുര്യനെ സംബന്ധിച്ചിടത്തോളം അതുപോലെ വ്യക്തിബന്ധങ്ങൾ വച്ചു പുലർത്തുന്നതിൽ ഒരു പക്ഷേ ഈ നിയമസഭയിൽ അപൂർവ്വം ആളുകളെ ഉണ്ടായിട്ടുള്ളു. അദ്ദേഹം സ്പീക്കർ ആയിരുന്നപ്പോൾ മന്ത്രിസഭയിൽ അംഗമായി പ്രവർത്തിക്കുവാൻ ഇടവന്ന ഒരാൾ എന്ന നിലയിലും അദ്ദേഹം പൊളിററിക്കൽ സെക്രട്ടറി ആയിരുന്നപ്പോൾ അന്നും പലപ്പോഴും ബന്ധപ്പെടാൻ ഇടവന്ന ഒരാൾ എന്ന നിലയിലും ഒരു പക്ഷേ അത്തരത്തിലുള്ള സ്ഥാനങ്ങളിൽ ഇരുന്ന മററുള്ളവരുമായി തട്ടിച്ചുനോക്കുമ്പോൾ അതിൽനിന്നും വ്യത്യസ്ഥമായ വ്യക്തിത്വത്തിന്റെ ഉടമസ്ഥനായിരുന്നു അദ്ദേഹമെന്ന് ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു.

പക്ഷേ അദ്ദേഹം ചികിൽസയിൽ കിടന്നപ്പോൾ വളരെ ദിവസങ്ങളിൽ അദ്ദേഹത്തെ പോയി കണ്ട ആൾ എന്ന രീതിയിൽ, അദ്ദേഹം അന്ത്യശ്വാസം വലിക്കുന്ന ഏതാനും മണിക്കൂറുകൾക്കു മുമ്പും അദ്ദേഹത്തെ കാണാൻ ഇടവന്ന ഒരാൾ എന്ന നിലയിലും സത്യത്തിൽ അദ്ദേഹം അനുഭവിച്ചിട്ടുള്ള രോഗത്തിന്റെ കാഠിന്യവും വേദനയും ചെറുതായിരുന്നില്ല. പക്ഷേ അപ്പോഴും സംസാരിക്കുവാൻ കഴിയുന്നുവെങ്കിൽ അദ്ദേഹം ഇനി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഓർമ്മിപ്പിക്കാനും സൂചിപ്പിക്കുവാനും ശ്രമിച്ചുവെന്നത് ജീവിതത്തിന്റെ അന്ത്യം വരെ ഒരു രാഷ്ട്രീയ പ്രവർത്തകനായി, രാഷ്ട്രീയ പ്രവർത്തകന്റെ സകല ബാദ്ധ്യതകളും നിറവേററാനുള്ള ഒരു കർമ്മശേഷിയുള്ള പ്രവർത്തകനായി അദ്ദേഹം പ്രവർത്തിച്ചുവെന്നത് എന്നും ഓർമ്മിക്കപ്പെടും. ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ വിയോഗം തീർച്ചയായും ചെറുതായിട്ടല്ല നമുക്ക് കാണാൻ കഴിയുക. സാമുദായിക, ജാതി-മത-വർഗ്ഗീയ സംഘടനകൾ പലരീതിയിൽ ശക്തി പ്രാപിച്ചുവരുമ്പോൾ അതിനെ നേരിടാനുള്ള കരുത്ത് ഈ രാജ്യത്തിന് വേണ്ട സമയത്താണ് അദ്ദേഹത്തെ പോലെയുള്ള ആളുകൾ നഷ്ടപ്പെടുന്നത്, ഇത്

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ നഷ്ടമായിട്ടല്ല വലിയ നഷ്ടമായിട്ട് നമുക്ക് കാണാൻ കഴിയും. അദ്ദേഹത്തിന്റെ വിയോഗത്തിൽ, ദുഃഖത്തിൽ ഞാനും എന്റെ കക്ഷിയും പങ്കുചേരുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, എ.പി. കുര്യന്റെ നിര്യാണത്തിൽ അങ്ങും സഭാനേതാവും പ്രതിപക്ഷനേതാവും മററ് കക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോടെല്ലാം ഞാനും യോജിക്കുകയാണ്. എ. പി. കുര്യന്റെ വ്യക്തിത്വത്തിന്റെ പ്രത്യേകതകളെക്കുറിച്ച് ഇവിടെ വളരെ വിശദമായി തന്നെ പ്രതിപാദിക്കപ്പെടുകയുണ്ടായി. അദ്ദേഹം പ്രവർത്തിച്ച മേഖലകളിലെല്ലാം ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടിയുള്ള പ്രവർത്തനം ഏറെറടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞതുകൊണ്ടു മാത്രമാണ് കക്ഷി പരിഗണനകൾക്ക് അതീതമായി എല്ലാ പേരുടേയും സ്നേഹവും ബഹുമാനവും അദ്ദേഹത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞത്. ഞങ്ങളെ പ്പോലെയുള്ള പൊതുപ്രവർത്തകരെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെ കാണുവാനും ഇടപഴകുവാനും അവസരം ലഭിച്ചപ്പോഴെല്ലാം ഇവിടെ മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ പ്രത്യേകമായ ഒരു വശീകരണശക്തി, അദ്ദേഹത്തിന്റെ എളിമയാർന്ന ഇടപെടലുകൾ, അതുപോലെ തന്നെ കക്ഷി പരിഗണനകൾക്ക് അതീതമായി കണ്ടുമുട്ടുന്ന എല്ലാപേരോടും വ്യക്തിപരമായ അടുപ്പവും സ്നേഹവും വച്ചു പുലർത്തുവാൻ കഴിയുന്ന പ്രത്യേകത, അതൊക്കെയാണ് ഞങ്ങളെയൊക്കെ കൂടുതൽ ആകർഷിച്ചത്. വളരെ അടുത്ത് ഇടപഴകാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതു പോലെ അദ്ദേഹം പൊളിററിക്കൽ സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാലത്ത് ഞാൻ നിയമസഭയിൽ അംഗമായി വരുമ്പോഴും അതിനുശേഷവും, നിയമ സഭയിൽതന്നെ പല പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അദ്ദേഹം പൊളിററിക്കൽ സെക്രട്ടറി എന്ന നിലയിൽ, അതിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് പലപ്പോഴും ഞങ്ങളോടൊക്കെ ചർച്ച ചെയ്യുവാൻ അദ്ദേഹം അവസരം ഉണ്ടാക്കി യിരുന്നു. അപ്പോഴത്തെ അദ്ദേഹത്തിന്റെ ആത്മാർത്ഥതയും സത്യ സന്ധതയും വളരെ പ്രകടമായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് പൊതുവിൽ ഉണ്ടാക്കിയിട്ടുള്ള നഷ്ടം വളരെ വലുതാണ്. ഒരു ആത്മാർത്ഥതയുള്ള പൊതുപ്രവർത്തകൻ, രാഷ്ട്രീയ നേതാവ് എന്ന നിലയിലുള്ള നഷ്ടവും വളരെ വലുതാണ്. അദ്ദേഹത്തിന്റെ പാവനസ്മരണക്കുമുമ്പിൽ എന്റെയും എന്റെ കക്ഷിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. എ. എ. അസീസ്: സർ, എ. പി. കുര്യന്റെ നിര്യാണത്തിൽ അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയും ബഹുമാന്യനായ പ്രതിപക്ഷനേതാവും കക്ഷി നേതാക്കൻമാരും പ്രകടിപ്പിച്ച ദുഃഖത്തിൽ ഞാനും എന്റെ കക്ഷിയും പങ്ക് ചേരുന്നു. എ. പി. കുര്യൻ ഒരു പ്രഗൽഭനായ സ്പീക്കർ, പാർലമെന്റേറിയൻ, ഒരു സാമൂഹ്യ പ്രവർത്തകൻ എന്നതിനെല്ലാം സർവ്വോപരി എന്നെ ആകർഷിച്ചി ച്ചിട്ടുള്ളത് അദ്ദേഹം ഒരു വലിയ ട്രേഡ് യൂണിയൻ നേതാവായിരുന്നുവെന്നു ള്ളതാണ്. അദ്ദേഹത്തിന്റെ വലിപ്പം ഞാൻ കണ്ടിട്ടുള്ളത്, ഞാൻ മനസ്സി ലാക്കിയിട്ടുള്ളത്, ദുർബല വിഭാഗങ്ങളെ സംഘടിപ്പിച്ച് അവരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകി, ആ അവകാശങ്ങൾ സ്ഥാപിക്കുവാൻ അഗ്ര ഗണ്യനായിരുന്നു അദ്ദേഹം. വളരെ ദുർബല വിഭാഗമായ, ദാരിദ്ര്യമേഖലക്ക് താഴെ ജീവിതം നയിക്കുന്ന ഈററ തൊഴിലാളികളെ സംഘടിപ്പിക്കുവാനും

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ അവകാശസമരങ്ങൾക്ക് നേതൃത്വം നൽകുവാനും അവരുടെ പ്രശ്നങ്ങൾ എന്താണെന്ന് ശരിക്കും പഠിക്കുവാനും അത് എണ്ണിയെണ്ണി അവതരിപ്പിക്കേണ്ടുന്ന സ്ഥലങ്ങളിൽ അവതരിപ്പിക്കുവാനും അതിന് പ്രതിവിധി കണ്ടുപിടിക്കുവാനും ഇത്രയേറെ പ്രാഗത്ഭ്യം പ്രകടിപ്പിച്ചിട്ടുള്ള മറ്റൊരാൾ ആ രംഗത്ത് ഉണ്ടെന്ന് അവകാശപ്പെടാൻ കഴിയുകയില്ല. കഴിഞ്ഞ ഗവൺമെൻറിൻെറ കാലഘട്ടത്തിൽ ഈററ-പനമ്പ് തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ഉണ്ടാക്കുന്ന കാര്യത്തിൽ, അതിന് ജൻമം നൽകുന്ന കാര്യത്തിൽ അതിൻെറ പൂർണ്ണ ഉത്തരവാദിത്വവും അതിൻെറ മുൻകൈ പ്രവർത്തനവും അദ്ദേഹത്തിനായിരുന്നു. അദ്ദേഹത്തിൻെറ ജീവിതം ഒരു ചരിത്രപരമായ രേഖയായി തന്നെ അവശേഷിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഈററ-പനമ്പ് വിഭാഗം തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി അദ്ദേഹം ആഗ്രഹിച്ച തരത്തിൽ ആ ക്ഷേമപദ്ധതികൾ നടപ്പാക്കാൻ അതിലെ ഒരു അംഗമായിരുന്നുകൊണ്ട് അദ്ദേഹത്തിന് വേണ്ടത്ര സമയം ലഭിച്ചില്ല. ധാരാളം നിയമങ്ങൾ ഇനിയും ഈററ ക്ഷേമപദ്ധതിയിൽ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. അവസാനമായി സർക്കാർ ഉണ്ടാക്കിയ ഒരു ക്ഷേമനിധി ബോർഡാണ് ഇത്. അതുകൊണ്ടുതന്നെയാണ് ധാരാളം നിയമങ്ങൾ അതിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ആ നിയമങ്ങൾക്ക് വേണ്ടിയെല്ലാം തന്നെ ശ്രീ. രാജേന്ദ്രൻ ഇവിടെ സൂചിപ്പിച്ചതുപോലെ അവസാനമായി തൊഴിൽവകുപ്പ് മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ അദ്ദേഹം എണ്ണിയെണ്ണി ആ പ്രശ്നങ്ങളെ സംബന്ധിച്ച് അവതരിപ്പിച്ചു. അതിന് പ്രതിവിധി കാണാൻ വേണ്ടി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അതിനെല്ലാം ഉപരി ഒരു നല്ല കർഷകൻ എന്നുള്ള നിലയിൽ കാർഷികമേഖലയിൽ മററാരും കർഷകരെ സംഘടിപ്പിക്കുകയും അവരുടെ അവകാശ സമരങ്ങൾക്കു നേതൃത്വം നൽകുവാൻ തൽപരരാകുകയും ചെയ്യുന്നതിനുമുൻപുതന്നെ ആ വിഭാഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് അവരുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുവാൻ വേണ്ടി നടത്തിയിട്ടുള്ള പരിശ്രമം, അങ്ങനെ നമ്മുടെ നാടിനും നമുക്കും ഒരു വലിയ മനുഷ്യനെയാണ് നഷ്ടമായത്. അദ്ദേഹത്തിൻെറ നിര്യാണത്തിൽ ഞാനും എൻെറ പാർട്ടിയും ദുഃഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിൻെറ കുടുംബാംഗങ്ങൾക്കുണ്ടായ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, എ. പി. കുര്യൻെറ നിര്യാണത്തിൽ ദുഃഖം രേഖപ്പെടുത്തികൊണ്ട് അങ്ങും സഭാനേതാവും പ്രതിപക്ഷനേതാവും മററ് കക്ഷി നേതാക്കൻമാരും നടത്തിയ അഭിപ്രായ പ്രകടനങ്ങളോട് ഞാനും യോജിക്കുന്നു. എ.പി. കുര്യനുമായി എനിക്കുള്ള ബന്ധം ഒരു വിദ്യാർത്ഥിയായിരുന്ന കാലം മുതൽക്കേയുള്ള ബന്ധമാണ്. കൊച്ചി പ്രദേശങ്ങളിൽ തിരുകൊച്ചി സംയോജനത്തിനുശേഷം വിദ്യാർത്ഥി പ്രവർത്തനവുമായി പോകുന്ന കാലഘട്ടത്തിൽ യൂണിയൻ ക്രിസ്ത്യൻ കോളേജിലെ പരിസരപ്രദേശങ്ങളിൽവച്ചാണ് എ.പി. കുര്യനുമായി ആദ്യം പരിചയപ്പെടാൻ ഇടയായത്. വിദ്യാർത്ഥി പ്രവർത്തനത്തിനുവേണ്ടുന്ന സൗകര്യങ്ങളും സാഹചര്യങ്ങളും ഒരുക്കിത്തരുന്നത് എ. പി. കുര്യൻ ആണെന്ന് ഞങ്ങൾ അന്നും പിന്നീടും ഓർമ്മിച്ചിരുന്നു. എ. പി. കുര്യൻ കാണിച്ച ത്യാഗമനോഭാവവും പ്രവർത്തനങ്ങളുമാണ് ഞാൻ അദ്ദേഹത്തെ കാണുമ്പോഴൊക്കെ ഓർക്കുന്നത്. പിന്നീട് ഈ നിയമസഭയിൽ പ്രതിപക്ഷത്തും ഭരണകക്ഷിയിലും ഞങ്ങൾക്ക് ഒരുമിച്ച് പ്രവർത്തിക്കാനുള്ള അവസരം ഉണ്ടായിട്ടുണ്ട്. അങ്ങേയ്ക്കും ഉണ്ടായിട്ടുണ്ട്. അങ്ങും ഞാനും മന്ത്രിമാരായിരുന്ന 1980 കാലഘട്ടത്തിലാണ് എ. പി കുര്യൻ ഈ സഭയുടെ സ്പീക്കർ ആയിരുന്നത്. പ്രതിപക്ഷത്ത് ഇരിക്കുമ്പോഴും ഭരണകക്ഷിയിൽ ഇരിക്കുമ്പോഴും ഒരു

LIBRARY ARCHIVES Kerala Legislative Assembly

വലിയ മന:സ്ഥിതിയുടെ ഉടമസ്ഥനെയാണ് എ. പി. കുര്യനിൽ കാണാൻ കഴിഞ്ഞത്. എ. പി. കുര്യന്റെ വ്യക്തിത്വത്തെക്കുറിച്ച് പറഞ്ഞാൽ, ഇവിടെ എ. സി. ഷൺമുഖദാസ് പറഞ്ഞത് ഞാൻ ഓർക്കുന്നു. അങ്കമാലി പോലുള്ള ഒരു നിയോജകമണ്ഡലത്തിൽനിന്നും വ്യക്തിപരമായ എ. പി. കുര്യന്റെ സ്വാധീനവും അദ്ദേഹത്തിന്റെ രാഷ്ട്രീയമായ തത്വസംഹിതകളെക്കാൾ അദ്ദേഹത്തിന് ജനങ്ങൾ കൽപ്പിച്ച ആദരവും ആണ് നാല് പ്രാവശ്യം അദ്ദേഹത്തെ ഈ നിയമസഭയിൽ എത്തിക്കാൻ കഴിഞ്ഞത് എന്നുള്ളതാണ് ഏറ്റവും പ്രധാനമായ ഒരു വസ്തുത. എ. പി. കുര്യന്റെ സ്പീക്കർ എന്നുള്ള നിലയിലുള്ള പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞാൽ അദ്ദേഹം നല്ല ഒരു സ്പീക്കർ ആയിരുന്നു. അദ്ദേഹത്തിന്റെ റൂളിംഗുകൾ പലതും വളരെ പ്രധാനപ്പെട്ടതായിരുന്നു. അനുനയത്തിന്റെ ഭാഷയിൽ ഈ സഭയെ നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം ഈ നിയമസഭയിലെ അംഗം എന്ന നിലയിലും വളരെ പരിണിതപ്രജ്ഞനായിരുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിൽ അദ്ദേഹം സ്തുത്യർഹമായ വിരുത് തന്നെ കാട്ടിയിട്ടുണ്ട് എന്ന് ഞാൻ ഓർക്കുന്നു. ശ്രീ. അസീസ് പറഞ്ഞതുപോലെ പിന്നെ അദ്ദേഹവുമായി അടുത്ത് പെരുമാറാനുള്ള അവസരം ലഭിച്ചത് ട്രേഡ് യൂണിയൻ രംഗത്താണ്. അങ്കമാലിയിലേക്കും ആലുവ പ്രദേശങ്ങളിലേയും ചില സ്ഥാപനങ്ങളുടെ തൊഴിലാളി യൂണിയനുകളുടെ പ്രവർത്തകർ എന്നുള്ള നിലയിൽ, നേതാക്കൻമാർ എന്നുള്ള നിലയിൽ ഒരുമിച്ച് പ്രവർത്തിക്കാനും ആ കാലഘട്ടങ്ങളിൽ പല കോൺഫറൻസുകളിലും പങ്കെടുക്കാനും കഴിഞ്ഞിട്ടുണ്ട്. ഒരിക്കലും വികാരവിക്ഷുബ്ധനാകാതെ തൊഴിലാളികൾക്കുവേണ്ടി അനുനയത്തിന്റെ ഭാഷയിൽ സംസാരിക്കാനും ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ഒരു മധ്യസ്ഥന്റെ റോൾ തന്നെ പലപ്പോഴും വഹിക്കാനും ശ്രമിച്ച കുര്യന്റെ ട്രേഡ് യൂണിയൻ രംഗത്തെ പാടവം അവിസ്മരണീയമാണ് എന്ന് ഞാൻ ഈ അവസരത്തിൽ ഓർക്കാൻ ആഗ്രഹിക്കുകയാണ്. സ്വഭാവശുദ്ധിയിൽ മുൻപന്തിയിൽ നിന്ന് എല്ലാവരേയും ആകർഷിക്കാൻ കഴിഞ്ഞ ഒരു വലിയ മനസിന്റെ ഉടമ ആയിരുന്നു അദ്ദേഹം. അസുഖം വന്നതിനുശേഷവും, തന്റെ അസുഖം എന്താണെന്ന് മനസിലാക്കിയതിനുശേഷം, ദീർഘമായ ഒരു കാലാവധിയില്ല എന്ന് ആശുപത്രിയിൽ കഴിയുന്ന അദ്ദേഹം മനസിലാക്കിയതിനുശേഷവും പറയാൻ കഴിയുന്ന സമയത്ത് പറയുമ്പോഴും തനിക്ക് ഇനിയും പലതും ചെയ്തു തീർക്കാനുണ്ട് എന്നുള്ള ഒരു വിശ്വാസം ആ വലിയ മനുഷ്യനിൽ ഉണ്ടായിരുന്നു എന്ന് ഞാൻ ഓർക്കുന്നു. പക്ഷേ പലതും പൂർത്തിയാക്കാൻ കഴിയാതെ പോയ ആ വ്യക്തിക്കുള്ള സ്മാരകം എന്നുപറയുന്നത് നമ്മുടെയൊക്കെ മനസിലുള്ള സ്മാരകങ്ങളാണ് പ്രധാനമായും. മറ്റൊന്ന്, ഇവിടെ പലരും പരാമർശിച്ച അങ്കമാലിയിലെ ബാംബു കോർപ്പറേഷൻ. അങ്കമാലിയിലെ അസംഘടിതരായ തൊഴിലാളികൾക്ക് ഈറയും മുളയും നൽകാനും ആ വ്യവസായം വളർത്തിയെടുക്കാനും ലോകോത്തരമായി തന്നെ ഉൽപന്നങ്ങൾ വിറ്റഴിക്കാനുമൊക്കെ ശ്രമിക്കേണ്ട ബാംബു കോർപ്പറേഷനാണ് എ. പി. കുര്യന്റെ സ്മാരകമായി ഇന്ന് നിലകൊള്ളുന്നത്. അത് അദ്ദേഹത്തിന്റെ ഒരു സ്മാരകമാണ്. കാരണം ബാംബു കോർപ്പറേഷനെക്കുറിച്ച് പറയുമ്പോഴൊക്കെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ എ. പി. കുര്യന്റെ ചിത്രമാണ് നമ്മുടെ മനസിലേക്ക് കടന്നുവരുന്നത്. ആ തൊഴിലാളികൾക്കുവേണ്ടി അദ്ദേഹം നടത്തിയ യാതനകൾ നിറഞ്ഞ സമരങ്ങളും പ്രവർത്തനങ്ങളും തീർച്ചയായും എല്ലാ കാലഘട്ടത്തിലും അങ്കമാലിയിലെയും ആ വിഭാഗത്തിലെ തൊഴിലാളികളുടേയും മനസിലുണ്ടാകും എന്നാണ് എന്റെ വിശ്വാസം. വിദ്യാർത്ഥി രംഗത്ത്, രാഷ്ട്രീയ രംഗത്ത്, നിയമസഭാ പ്രവർത്തനരംഗത്ത്, തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

രംഗത്ത്, കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൊക്കെ തന്റേതായ ശൈലി സ്വീകരിച്ച് ഒരു വിക്ഷോഭവും കൂടാതെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ കഴിഞ്ഞിരുന്ന എ.പി. കുര്യന്റെ ചരമം നമുക്കെല്ലാവർക്കും പ്രത്യേകിച്ചും അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രസ്ഥാനമായ സി.പി.ഐ (എം)നും തീരാനഷ്ടമാണ് എന്ന് ഞാൻ സൂചിപ്പിക്കുന്നു. ഒരു വലിയ പ്രവർത്തകനെയാണ് ആ പ്രസ്ഥാനത്തിന് നഷ്ടപ്പെട്ടത്. ആത്മാർത്ഥതയുള്ള ഒരു പൊതുജന പ്രവർത്തകനെയാണ് സംസ്ഥാനത്തിന് നഷ്ടപ്പെട്ടത്. അതുകൊണ്ട് എല്ലാ തരത്തിലും വ്യക്തിത്വമുള്ള കുര്യന്റെ നഷ്ടം പൊതുരംഗത്തിന് നികത്താൻ കഴിയാത്ത ഒരു വിടവാണ് എന്ന് ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. എ. പി. കുര്യനുമായി വ്യക്തിപരമായി വളരെ നീണ്ട ബന്ധം പല രംഗങ്ങളിലുമുള്ള ഒരു വ്യക്തി എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ കർമ്മശേഷിയും അദ്ദേഹത്തിന്റെ സ്വഭാവ വൈശിഷ്ട്യവും നേരിട്ട് മനസിലാക്കാൻ കഴിഞ്ഞ ഒരാൾ എന്ന നിലയിൽ അദ്ദേഹത്തിന്റെ ചരമത്തിൽ ദുഃഖിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിക്കു വേണ്ടി പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ പ്രസ്ഥാനമായ സി.പി.ഐ. (എം) നോടൊപ്പം അവരുടെ നഷ്ടത്തിൽ ദുഃഖിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടൊപ്പം അദ്ദേഹത്തെ സ്നേഹിച്ചിരുന്ന ആളുകളുടെയും ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, അങ്ങും സഭാനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്; സഖാവ് കുര്യൻ അംഗമായ നാല് നിയമസഭകളിൽ മൂന്ന് സഭകളിലും ഒരേ ബഞ്ചിലിരുന്നു പ്രവർത്തിച്ചയാളാണ് ഞാൻ. നല്ല ഒരു നിയമ സാമാജികൻ എന്ന നിലയിൽ, അതുപോലെ പൊതുജന പ്രവർത്തകൻ എന്ന നിലയിൽ ശോഭിച്ച, ഒരു വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ നഷ്ടം ഇടതുപക്ഷ പ്രസ്ഥാനത്തിനും കേരളത്തിലെ പൊതു പ്രസ്ഥാനത്തിനും വലിയ ഒരു നഷ്ടമാണ്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാനം അദ്ദേഹം അനുഭവിച്ച ദുഃഖം തീർച്ചയായും നമ്മൾ പൊതു പ്രസ്ഥാനം, ഇടതുപക്ഷ പ്രസ്ഥാനം ഭാവിയിൽ ചിന്തിക്കേണ്ടതാണ് എന്നു മാത്രം ഞാൻ ഓർമ്മിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ : അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദര സൂചകമായി നമുക്ക് അൽപ്പനേരം എഴുന്നേററു നിൽക്കാം.

(പരേതനോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേററു നിന്ന് മൗനം ആചരിച്ചു.)

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതാണ്.

2001 ഒക്ടോബർ മാസം 15-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.59-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly